## സബ്മിഷൻ

### (1) മദ്യപിച്ച് ഡ്യൂട്ടി നിർവ്വഹിക്കുന്നതുമൂലം ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങൾ

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, നമ്മുടെ സംസ്ഥാനത്ത് ആശങ്കാജനകമാംവിധം മദ്യപിച്ച് ഓഫീസിലെത്തുന്ന ജീവനക്കാരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിലും ഇത്തരത്തിലുള്ള ആളുകളുടെ പ്രവർത്തനം വളരെ വലിയ ജീവൽപ്രശ്നങ്ങളും സാമൂഹിക പ്രശ്നങ്ങളും ഉണ്ടാക്കുകയാണ്. അടുത്തയിടെ ഒരു ഡിപ്പാർട്ട്മെന്റിലെ ഓഫീസ് റെയ്ഡ് ചെയ്തപ്പോൾ നൂറുകണക്കിന് മദ്യകുപ്പികളാണ് അവിടെ നിന്ന് ലഭിച്ചത്. അതുപോലെത്തന്നെ പല സർക്കാർ ഓഫീസുകളിലും രാത്രി താമസിക്കുന്ന ആളുകൾ അവിടെ മദ്യപാനത്തിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന വാർത്തകളും വന്നുകൊണ്ടിരിക്കുകയാണ്. ഇത് ഡ്യൂട്ടിയിലെ എഫിഷ്യൻസി കുറയ്ക്കുക മാത്രമല്ല വലിയ സാമൂഹിക പ്രശ്നങ്ങൾ ഉണ്ടാക്കുകയാണ്. കഴിഞ്ഞ കുറച്ചുദിവസങ്ങളായി പല പത്രങ്ങളിലും ഇതുസംബന്ധിച്ച് റിപ്പോർട്ട് വന്നുകൊണ്ടിരിക്കുകയാണ്. റെയിൽവേസ്റ്റേഷനിലും അതുപോലുള്ള മറ്റ് സ്ഥാപനങ്ങളിലും സ്ത്രീകൾപോലും ചെല്ലുമ്പോൾ വളരെ മോശമായ പെരുമാറ്റം കാണുകയും അവിടെയുള്ള ജീവനക്കാരെ പരിശോധിക്കുമ്പോൾ മദ്യപിച്ചതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇത് വളരെ ഗുരുതരമായ പ്രശ്നമായി നമ്മുടെ നാട്ടിൽ മാറിയിരിക്കുന്നു. ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. അതോടൊപ്പം തന്നെ വാഹനം ഓടിക്കുന്ന ആളുകൾ, പ്രത്യേകിച്ച് സ്കൂൾ കുട്ടികളെ

കൊണ്ട് വാഹനം ഓടിപ്പിക്കുന്നവരും ഡ്രൈവർമാർ മദ്യപിച്ച് ബസുകളും മറ്റുവാഹനങ്ങളും ഓടിക്കുന്നതുമൂലവും ഒരുപാട് മരണങ്ങൾ നമ്മുടെ നാട്ടിൽ നടക്കുകയാണ്. ഇത്തരത്തിൽ മദ്യപിച്ച് വാഹനം ഓടിക്കുകയും മദ്യ പിച്ച് സർക്കാർ–അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ വരികയും ചെയ്യുന്നതു മൂലം ജീവിത പ്രശ്നങ്ങളും ജീവൽ പ്രശ്നങ്ങളും സാമൂഹിക പ്രശ്നങ്ങളും ഉണ്ടാക്കുന്ന ആളുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ അടിയന്ത രമായ നിമയനടപടികളിലേയ്ക്ക് അങ്ങ് ശ്രദ്ധിക്കുമോ എന്നാണ് എന്റെ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി <u>ശ്രീ. ഉമ്മൻചാണ്ടി</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. തോമസ് ഉണ്ണിയാടൻ പറഞ്ഞത് വളരെ ഗൗരവമായിട്ടുള്ള ഒരു കാര്യമാണ്. ഗവൺമെന്റ് ഓഫീസുകളിൽ അത്രമാത്രം വ്യാപകമായുണ്ടോ എന്നുള്ളത് എനിക്കറിയില്ല. പക്ഷേ ചില സ്ഥലങ്ങളിലുണ്ട്, ചില സ്ഥലങ്ങളിൽ നിന്നും പിടിച്ചിട്ടുമുണ്ട്. അതിന്റെ പേരിൽ നിയമ നടപടികളെടുക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. മദ്യപിച്ചുകൊണ്ട് വാഹനം ഓടിക്കുന്നതുമൂലമുണ്ടാകുന്ന അപകടങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നു. അതിന് കർശനമായ നിയന്ത്രണം കൊടുത്തിട്ടുണ്ട്. അതിനുവേണ്ട നടപടികൾ സ്വീകരിക്കും. പല ദിവസങ്ങളിലും രാത്രികാലങ്ങളിൽ സംഘടിതമായിട്ടുള്ള ചെക്കിംഗും മറ്റും നടത്തി പിടിച്ചിട്ടുണ്ട്. ശക്തമായിത്തന്നെ ഇനിയും ആ നടപടികൾ മുന്നോട്ടുകൊണ്ടുപോകും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നത്തിന്റെ ഗൗരവം എല്ലാപേരും ഉൾക്കൊണ്ട് പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ നടത്തുന്ന പ്രവർത്തനങ്ങളോട് സഹകരിക്കാനും തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

## (2) വെള്ളായണി കായലിനെ ശുദ്ധജലതടാകമായി സംരക്ഷിക്കൽ

ശ്രീമതി ജമീലാ പ്രകാശം: സർ, തെക്കൻ കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം വെള്ളായണി കായൽ ഒരു ശുദ്ധജലതടാകമെന്നുള്ള രീതിയിൽ സംരക്ഷിക്കേണ്ടത് പൊതുവായ ഒരാവശ്യമാണ്. തിരുവനന്തപുരം പട്ടണത്തിലും പ്രാന്തപ്രദേശങ്ങളിലും നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികൾക്ക് എന്തെങ്കിലും സംഭവിച്ചാൽ ഒരു തുള്ളി ദാഹജലത്തിനുവേണ്ടി ജനങ്ങൾ നെട്ടോട്ടമോടുന്ന സ്ഥിതിവിശേഷം ഇന്ന് നിലവിൽ വന്നിരിക്കുകയാണ്. ശുദ്ധജലതടാകമെന്നുള്ള നിലയിൽ ഈ തടാകത്തെ സംരക്ഷിക്കുന്നതിലൂടെ ആ സ്ഥിതിക്ക് കുറച്ചെങ്കിലും ആശ്വാസം കണ്ടെത്താൻ നമുക്ക് കഴിയും. മാത്രമല്ല കായൽ സംരക്ഷണത്തിലൂടെ നാം സംരക്ഷിക്കുന്നത് പരിസ്ഥിതിയെയും പ്രകൃതിയെയുമാണെന്നുള്ള കാര്യവും എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. കുറെ ചെറുകിട കൃഷിക്കാരുടെ ജീവിത പ്രശ്നങ്ങൾ വെള്ളായണി കായലുമായി കെട്ടുപിണഞ്ഞ് കിടക്കുന്നു. രണ്ടാം ലോക മഹായുദ്ധകാലത്ത് കടുത്ത ഭക്ഷ്യക്ഷാമം അനുഭവപ്പെട്ടതിനെത്തുടർന്നാണ് ഈ കായലിന്റെ കുറെ ഭാഗങ്ങളിലെങ്കിലും വെള്ളം വറ്റിച്ച് ആ സ്ഥലങ്ങളുടെ ഉടമസ്ഥരായ കൃഷിക്കാരെക്കൊണ്ട് നെൽക്കൃഷി നടത്തിക്കുന്ന ഒരു സമ്പ്രദായം ഇവിടെ ആരംഭിച്ചത്. 1991 വരെ ഇങ്ങനെ 8 പാടശേഖരങ്ങളിലായി 500 ഏക്കർ സ്വകാര്യ വ്യക്തികളും 400 ഏക്കർ വെള്ളായണി ഗവൺമെന്റ് കാർഷിക കോളേജും കൃഷി ചെയ്തിരുന്നു. കാർഷിക യൂണിവേഴ്സിറ്റി പിന്നീട് 400 ഏക്കർ കൃഷിയിൽ നിന്നും പിൻവാങ്ങിയപ്പോൾ സ്വകാര്യ വ്യക്തികൾക്ക് തനിയെ

കൃഷിചെയ്യുന്നത് ലാഭകരമല്ലാതെവന്നു. എന്നിട്ടും അവർ അത് തുടർന്നുപോന്നു. 2005-ൽ മനുഷ്യാവകാശ കമ്മീഷൻ ശുദ്ധജലതടാകം സംരക്ഷിക്കാൻ വേണ്ടി കൃഷിപ്പണി ഇവിടെ സ്റ്റേ ചെയ്യുകയാണുണ്ടായത്. ആ സ്റ്റേ ഇന്നുവരെ വെക്കേറ്റ് ചെയ്തിട്ടില്ല. എൽ.ഡി.എഫ്. മന്ത്രി സഭാകാലത്ത് കൃഷി മന്ത്രിയായിരുന്ന ശ്രീ. മുല്ലക്കര രത്നാകരൻ ഒരു യോഗം വിളിക്കുകയും 3 മാസത്തിനുള്ളിൽ ഒന്നുകിൽ പൊന്നുംവില കൊടുത്ത് കായലിന്റെ അരികിലുള്ള ഭൂമി ഏറ്റെടുക്കണമെന്നും അല്ലാത്തപക്ഷം കൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ധാരണയുണ്ടാക്കിയെന്നാണ് അറിയുവാൻ കഴിയുന്നത്. പക്ഷേ ഈ തീരുമാനവും നടപ്പിലായിട്ടില്ല. ഈ കൃഷിക്കാർക്ക് തക്കതായ നഷ്ടപരിഹാരം നൽകി അവരുടെ ഉടമസ്ഥതയിലുള്ള ഈ ഭൂമികൂടി സർക്കാർ ഏറ്റെടുത്ത് കായലിന്റെ ഭാഗമായി നമുക്ക് സംരക്ഷിക്കേണ്ടതായിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട മന്ത്രിമാരടക്കം പങ്കെടുക്കുന്ന ഒരു ഉന്നതതല യോഗത്തിലെ ഗൗരവതരമായ ചർച്ചയിലൂടെമാത്രമേ ഇക്കാര്യത്തിൽ തക്കതായ ഒരു തീരുമാനം കൈക്കൊള്ളാൻ നമുക്ക് കഴിയുകയുള്ളൂ. അത്തരത്തിൽ ഒരു യോഗം വിളിച്ചുചേർക്കണമെന്ന് ഞാൻ മുഖ്യമന്ത്രിയോട് നേരിട്ട് ആവശ്യപ്പെട്ടിരുന്നതാണ്. എന്നാൽ പലവിധത്തിലുള്ള കൃത്യാന്തര ബാഹുല്യങ്ങൾക്കിടയിൽ അത്തരത്തിലുള്ള ഒരു യോഗം വിളിച്ചുചേർക്കാൻ അദ്ദേഹത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഒട്ടും വൈകാതെ അത്തരത്തിലുള്ള ഒരു യോഗം വിളിച്ചുചേർക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ സാദരം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി <u>ശ്രീ. ഉമ്മൻചാണ്ടി</u>: സർ, വെള്ളായണി കായൽ കേരളത്തിലെ പ്രധാനപ്പെട്ട ശുദ്ധജലതടാകങ്ങളിലൊന്നാണ്. വിഴിഞ്ഞം പദ്ധതിയുടെ ശുദ്ധജല സ്രോതസ്സ് എന്ന പരിഗണനകൂടി വെള്ളായണി കായലിന് ഇപ്പോൾ കൈവന്നതോടുകൂടി ഇതിന്റെ പ്രാധാന്യം വളരെയധികമാണ്. 2012-2013 സാമ്പത്തിക വർഷത്തിൽ ഇതിന്റെ സംരക്ഷണത്തിനുവേണ്ടി 50 ലക്ഷം രൂപ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ജപ്പാൻ സർക്കാരിന്റെ പാരിസ്ഥിതിക പദ്ധതിക്കായിട്ടുള്ള സാമ്പത്തിക സഹായ പദ്ധതിപ്രകാരം കായലിന്റെ പുനരുദ്ധാരണത്തിനായി കോഴിക്കോട് സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജുമെന്റ് മുഖേന ഒരു ബൃഹത് പരിപാടി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനുചുറ്റുമുള്ള സ്വകാര്യ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് ചില തടസ്സങ്ങളുണ്ടായിട്ടുള്ളതിനാൽ നിലവിൽ കായലിന്റെ വിസ്തൃതി സംബന്ധിച്ച് ചില അവ്യക്തതകളുണ്ട്. എന്നാൽ ഇക്കാര്യത്തിൽ സർക്കാർ നേരിട്ട് ഇടപെടുകയും കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കായൽ സംരക്ഷണ പദ്ധതികൾ ആവിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ നടത്തിയ ചർച്ചകളിൽ കായലിൽ കിടക്കുന്ന പട്ടയഭൂമി, ഏതാണ്ട് 256 ഏക്കർ ഉപയോഗപ്പെടുത്തുന്ന പ്രശ്നം സജീവമായി ഉന്നയിക്കപ്പെട്ടു. തുടർന്ന് കായൽ സംരക്ഷണ നടപടികളുടെ ഭാഗമായി ഈ പട്ടയ ഭൂമിയുടെ പ്രശ്നം പരിഹരിക്കണമെന്ന് ജില്ലാ കളക്ടർക്ക് 26.11.2012-ൽ പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നേരിട്ട് നിർദ്ദേശം നൽകിയിരിക്കുകയാണ്. ജപ്പാൻ

സർക്കാരിന്റെ (JICA) ധനസഹായം തേടുന്നതിനുള്ള പദ്ധതിയിൽ പട്ടയ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള സാദ്ധ്യത, കായൽ സർവ്വെ, കയ്യേറ്റം ഒഴിപ്പിക്കൽ എന്നിവയ്ക്കായിട്ടുള്ള വിശദമായ റിപ്പോർട്ടുകൾ സമർപ്പിക്കാൻ 21.01.2013- ൽ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. CWRDM മുഖേന തയ്യാറാക്കിവരുന്ന പദ്ധതി റിപ്പോർട്ടിൽ ഈ ഘടകങ്ങൾ ഉൾപ്പെടുത്താമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിന്റെ സംരക്ഷണത്തിനു വേണ്ടിയുള്ള എല്ലാ നടപടികളും എടുക്കുമെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

## (3) തരൂർ ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി

ശ്രീ എ. കെ. ബാലൻ: സർ, എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളുമുള്ള ഒരു ആയുർവ്വേദ ഡിസ്പെൻസറി തരൂർ അസംബ്ലി മണ്ഡലത്തിലെ തരൂർ ഗ്രാമപഞ്ചായത്തിലുണ്ട്. ഒരു ദിവസം 150 ഓളം പേർ ചികിത്സ തേടിയെത്തുന്ന ഡിസ്പെൻസറിയാണിത്. ഇവരിൽ നല്ലൊരു ശതമാനം പേർക്കും ആയുർവ്വേദ വിധിപ്രകാരമുള്ള കിടത്തി ചികിത്സ ആവശ്യമുള്ളതാണ്. നിലവിൽ ഈ സൗകര്യം പാലക്കാട് ജില്ലാ ആയുർവ്വേദ ആശുപത്രിയിൽ മാത്രമാണുള്ളത്. കർഷക തൊഴിലാളികളും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളും മറ്റ് ദുർബ്ബല വിഭാഗങ്ങളും ചികിത്സ തേടിയെത്തുന്നതിൽ നല്ലൊരു പങ്കുവഹിക്കുന്നുണ്ട്. ജില്ലാ കേന്ദ്രങ്ങളിൽ പോയി ആഴ്ചകളോളം താമസിച്ച് ചികിത്സ നടത്താനുള്ള സാമ്പത്തിക ശേഷിയുള്ളവരല്ല ഈ പാവങ്ങൾ. 30 കിടക്കകളുള്ള ആശുപത്രിയായി ഈ ഡിസ്പെൻസറിയെ ഉയർത്തിയാൽ പാവങ്ങൾക്ക് അത് അനുഗ്രഹമാകും.

വാർഡിനുവേണ്ടി ഇപ്പോൾ 85 ലക്ഷം രൂപ മുടക്കി ഒരു പുതിയ കെട്ടിടം നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ഈ മാസത്തോടെ അത് പൂർത്തിയാകും. അടുത്ത മാസം ബഹുമാനപ്പെട്ട മന്ത്രി അത് ഉദ്ഘാടനം ചെയ്യേണ്ടതുമുണ്ട്. അതുകൊണ്ട് ഈ കെട്ടിടത്തിന്റെ പണി പൂർത്തിയായാൽ ആശുപത്രി ഉയർത്തണമെന്ന ആവശ്യം സ്വാഭാവികമായും പരിഗണിക്കപ്പെടേണ്ടതുണ്ട്. ഇതുസംബന്ധിച്ച് വകുപ്പിന്റെ പ്രൊപ്പോസൽ 05.11.2012-ലെ ബി.2/9713/12 നമ്പർ കത്തുപ്രകാരം ഗവൺമെന്റിന്റെ മുമ്പിലുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗങ്ങളും മറ്റ് പിന്നോക്ക ജനവിഭാഗങ്ങളും തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്തെ ജനങ്ങളുടെ ആവശ്യമെന്ന നിലയിൽ തരൂർ ഗവൺമെന്റ് ആയൂർവ്വേദ ഡിസ്പെൻസറി ആയുർവ്വേദ ആശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിനനുകൂലമായ ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി.എസ്. ശിവകുമാർ): സർ, തരൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.04.2012-ലെ യോഗതീരുമാനത്തിൽ ആയുർവ്വേദ ഡിസ്പെൻസറിക്കായി നബാർഡിൽനിന്നും അനുവദിച്ച തുകയുപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അത് പൂർത്തിയായതിനു ശേഷം കിടക്കകളുടെ എണ്ണം വർദ്ധിപ്പിച്ച് ആശുപത്രിയാക്കി ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (4) അതിവേഗ റെയിൽവേപാതയ്ക്ക് സ്ഥലം ഏറ്റെടുക്കൽ

ശ്രീ. സി.കെ. നാണു: സർ, വടകര നിയോജക മണ്ഡലത്തിലെ ഏറാമല, ഒഞ്ചിയം പഞ്ചായത്തുകളിലെ ജനങ്ങൾ, ഉദ്യോഗസ്ഥൻമാർ ഭൂമി അടയാളപ്പെടുത്താൻ വന്ന അവസരത്തിൽ അവരെ തടയുകയും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി എല്ലാ കുടുംബത്തിലെ ആളുകളും പങ്കെടുത്തുകൊണ്ട് ഭയപ്പാടോടുകൂടി യോഗം ചേർന്നതിന്റെ പശ്ചാത്തലത്തിലാണ് ഞാൻ ഇത് അവതരിപ്പിക്കുന്നത്. സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി പലതരത്തിലുള്ള പദ്ധതികളെ സംബന്ധിച്ചുള്ള ആസൂത്രണങ്ങളും തീരുമാനങ്ങളുമൊക്കെ നടന്നിട്ടുണ്ടാകും. പക്ഷേ ഇതൊക്കെ നടപ്പിലാക്കാൻ ശ്രമിക്കുന്ന അവസരത്തിലോ ഏത് ഘട്ടത്തിലായാലും ജനങ്ങൾ ഒരു ഭയപ്പാടിന്റെ രൂപത്തിൽ, പല ഭാഗത്തും അവരുടെ ഭൂമി മുഴുവൻ പോകും. മാഹി-തലശ്ശേരി റെയിലിനുവേണ്ടി വർഷങ്ങളായി സർക്കാർ ഏറ്റെടുത്ത സ്ഥലം ഒരു ആവശ്യത്തിനും വിൽക്കാൻ സാധിക്കാത്ത ഒരവസ്ഥ അവിടെ നിലവിലുണ്ട്. അതുപോലെ ജനങ്ങൾ ഭയപ്പെടുന്ന ഒരു അവസ്ഥയാണ്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ഇതിനെ സംബന്ധിച്ച് അഭ്യർത്ഥിക്കാനുള്ളത്, ഈ പ്രശ്നത്തെ സംബന്ധിച്ച് എന്ത് നിലപാടുണ്ടെങ്കിലും ആ നിലപാടുകൾ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് അല്ലെങ്കിൽ അതിനെ സംബന്ധിച്ചിടത്തോളം എത്ര സ്ഥലം വേണം....... എത്രയോ വലിയ നഗരമാക്കി മാറ്റാൻ സാധിക്കുന്ന തരത്തിൽ എല്ലാ ഭാഗവും എടുക്കുന്നു. ഈ രൂപത്തിലുള്ള പ്രചരണങ്ങൾ നാട്ടിൽ നടന്നുകൊണ്ടിരിക്കുകയാണ്.

വ്യക്തമായി ജനങ്ങളുടെ മുമ്പിൽ ഇതിനെ സംബന്ധിച്ചുള്ള വസ്തുതകൾ അറിയില്ലെങ്കിൽ....... മലബാർ ഭാഗത്താണെങ്കിൽ റെയിൽവേയ്ക്ക് ബ്രിട്ടീഷുകാരുടെ കാലത്തുതന്നെ ആവശ്യത്തിനനുസരിച്ച്, ഇന്ന് നിലവിലുള്ള സ്ഥലത്തുതന്നെ, റെയിൽവേയുടെ ഭൂമി തന്നെ അവിടെയുണ്ട്. അത് പോരെങ്കിൽ ഏത് തരത്തിലാണ് ഇത് ചെയ്യുന്നത്, ജനങ്ങളിൽ ഒരു ഭയപ്പാട് ഉണ്ടാകാനിടയില്ലാത്ത, നമ്മളെപ്പോലെയുള്ള ആളുകളുടെ കഴിവുകേടുകൊണ്ടാണ് ഇത്തരം സംഗതികളുണ്ടാകുന്നത് എന്ന് ജനങ്ങൾ ഭയപ്പെടുന്ന ഒരവസ്ഥയാണുള്ളത്. ഇതിനെ സംബന്ധിച്ച് ഒരു വ്യക്തതയുണ്ടാക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അതി വേഗ റെയിൽപ്പാതയുടെ സർവ്വേ ഇപ്പോൾ നിറുത്തിവച്ചിരിക്കുകയാണ്. ഗെയിൽ പൈപ്പ്ലൈൻ ഇടുന്നതും റോഡ് വീതികൂട്ടുന്നതും അതിവേഗ റെയിൽപ്പാതയുമൊന്നും നേരാംവണ്ണം നടക്കുന്നില്ല. ബലമായി ചെയ്യണ മെന്ന ധാരണ ഗവൺമെന്റിനില്ല. എം.എൽ.എ. മാരും ജനപ്രതിനിധികളു മൊക്കെ ഇത് വേണോ വേണ്ടയോ എന്ന് ആലോചിക്കേണ്ടതാണ്. സർവ്വേ പോലും നടത്താൻ പറ്റുന്നില്ല. സർവ്വേ നടത്തിയാലേ വേറെ ഏതെങ്കിലും സ്ഥലത്തുകൂടി പോകാൻ പറ്റുമോയെന്ന് അറിയാൻ കഴിയൂ. എല്ലായിടത്തും പ്രശ്നങ്ങളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് സംബന്ധിച്ച് ഒന്നുരണ്ടുപ്രാ വശ്യം മീറ്റിംഗ് വിളിച്ചു. ഇനിയും യോഗം വിളിക്കാം, ചർച്ച ചെയ്യാം. ഗെയിൽ പൈപ്പ്ലൈൻ ഇടാൻ സാധിച്ചിരുന്നെങ്കിൽ രൂക്ഷമായ ഇലക്ട്രി സിറ്റി പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിയുമായിരുന്നു. അതി വേഗ റെയിൽവേ, ഭാവി തലമുറയ്ക്കുവേണ്ടിയുള്ളതല്ലേ;. ഇതൊക്കെ ഓരോ

പ്രശ്നങ്ങൾ പറഞ്ഞ് തടസ്സപ്പെട്ടുപോകുകയാണ്. അദ്ദേഹം പറഞ്ഞതുപോലെ എല്ലാവരെയും ബോധ്യപ്പെടുത്തി കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കാം, പകരം സ്ഥലം കിട്ടുമോയെന്ന് പരിശോധിക്കാം.

## (5) ട്രാഫിക് നിയമങ്ങളെക്കുറിച്ചുള്ള ബോധവത്കരണം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, റോഡുകളുടെ അപര്യാപ്ത തയും വാഹനങ്ങളുടെ ബാഹുല്യവും മൂലം റോഡപകടങ്ങളുടെ നാടായി കേരളം മാറിയിരിക്കുകയാണ്. 2005-ൽ 2710 പേരാണ് റോഡപകടങ്ങളിൽ മരിച്ചതെങ്കിൽ 2011-ൽ അത് 4145 ആയി ഉയർന്നിരിക്കുന്നു. അശ്രദ്ധയോടെ യുള്ള ഡ്രൈവിംഗും റോഡ് നിയമങ്ങൾ പാലിക്കാത്തതും ബസ്സുകളുടെയും ട്രക്കറുകളുടെയും മത്സര ഓട്ടവും അതിവേഗതയുമെല്ലാം ഇതിന് കാരണങ്ങ ളാണെന്നാണ് പോലീസ് റിപ്പോർട്ട്. നമ്മുടെ നാട്ടിൽ 16 വയസ്സുമുതൽ 18 വയ സ്സുവരെയുള്ളവർക്ക് രക്ഷിതാക്കളുടെ ശുപാർശയോടെ ചില ഇരുചക്രവാഹ നങ്ങൾക്ക് ലൈസൻസ് നൽകാൻ കഴിയും. കൗമാരപ്രായക്കാരാണ് റോഡിൽ പൊലിയുന്നവരിലേറെയും. 1097 പേരാണ് ടൂവീലർ അപകടങ്ങളിൽ മാത്രം മരിച്ചത്. കാറപകടങ്ങളിൽ 895 പേരും. ഡ്രൈവിംഗ് ലൈസൻസ് നൽകുന്ന തിലെ ചില ന്യൂനതകൾ കൂടി ഇതിന് കാരണമാണ്. ചിലർ സ്വയം ഡ്രൈവിംഗ് പഠിച്ച് ലേണേഴ്സ് ലൈസൻസ് വാങ്ങി ടെസ്റ്റ് എടുത്ത് ഡ്രൈവ റാകുകയാണ്. ലോകത്തിൽ 36 രാഷ്ട്രങ്ങൾ അംഗീകരിക്കുന്ന ലൈസൻസാണ് യു.എ.ഇ-ക്കുള്ളത്. 18 വയസ്സിന് മുകളിലുള്ളവർക്ക് മാത്രം ഡ്രൈവിംഗ് ലൈസൻസ് അനുവദിക്കുന്ന സംവിധാനമാണ് അവിടെയുള്ളത്.

അതിനുപുറമേ തെരഞ്ഞെടുക്കപ്പെട്ട നിശ്ചിത യോഗ്യതയുള്ള പരിശീലകരിൽനിന്നായി പത്ത് ദിവസം തിയറി കൂടി പഠിച്ച് പരീക്ഷ എഴുതി പാസ്സായാൽ മാത്രമേ അവിടെ ലൈസൻസ് കിട്ടുകയുള്ളു. അതിന് കണിശമായ നിബന്ധനകളുണ്ട്. കേരളത്തിലും അത്യാധുനിക മോട്ടോർ വാഹനങ്ങളുടെ സാന്നിധ്യവും മാറിയ സാഹചര്യവും കണക്കിലെടുത്ത് നിലവിലുള്ള സംവിധാനത്തിനുപുറമേ ഇത്തരം ഡ്രൈവിംഗ് പരിശീലനം നിർബന്ധമാക്കാനും തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ ഇതിനായി സൗകര്യവും ഫാക്കൽറ്റിയും ഒരുക്കാനും സർക്കാർ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ശരിയാണ്. ഇപ്പോൾ ലൈസൻസ് എടുക്കുന്നതിനുമുമ്പ് ഒരു ചെറിയ ട്രെയിനിംഗ് നൽകുന്നുണ്ട്. പക്ഷേ അത് പോരാ, കുറേക്കൂടി ഇഫക്ടീവായി ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ നിർദ്ദേശിച്ചത്. അക്കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്. അത് സംബന്ധിച്ച് പലകാര്യങ്ങളും ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ആക്സിഡന്റിനെക്കുറിച്ച് അദ്ദേഹം പറഞ്ഞത് ശരിയാണ്. ആക്സിഡന്റുകൾ കുറയ്ക്കാൻ നല്ലരീതിയിൽ ബോധവത്കരണം നടത്താൻ ശ്രമിക്കുന്നുണ്ട്. ലൈസൻസ് കൊടുക്കുന്നതിനുമുമ്പുതന്നെ ഒരു ഫാക്കൽറ്റിയെ വച്ച് പരിശീലനം നൽകണമെന്ന അദ്ദേഹത്തിന്റെ അഭിപ്രായം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

## (6) കെ.എസ്. ആർ.ടി.സി.യെ പൊതുമേഖലയിൽ നിലനിർത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. ജി. സുധാകരൻ: കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കുക എന്ന പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. ജനങ്ങളുടെ വാഹനമായ (പണ്ട് ഇതിനെ ആനവണ്ടി എന്നു പറഞ്ഞിരുന്നു) കെ.എസ്. ആർ.ടി.സി.യുടെ വെട്ടിക്കുറച്ച ഷെഡ്യൂളുകൾ പുന:സ്ഥാപിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പ്രതിദിനം മൂന്നരലക്ഷം ജനങ്ങൾ സഞ്ചരിക്കുന്ന, നാലര കോടി രൂപ വരുമാനവും 5793 ബസ്സുകളും 5564 ഷെഡ്യൂളുകളുമുള്ള കെ.എസ്.ആർ.ടി.സി.-ക്ക് 18.79 ലക്ഷം കിലോമീറ്റർ ഓടുന്നതിന് പെർമിറ്റുമുണ്ടെങ്കിലും 14.5 ലക്ഷം കിലോ മീറ്ററുകൾ മാത്രമാണ് ഓടുന്നത്. ബാക്കി ഷെഡ്യൂളുകളും കിലോമീറ്ററുകളും ക്യാൻസൽ ചെയ്തിരിക്കുകയാണ്. 4500 ഷെഡ്യൂളുകളിൽ മാത്രമാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നത്. 1064 ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്തിരി ക്കുകയാണ്. ആകെയുള്ള 5793 ബസ്സുകളിൽ 4100 എണ്ണം അഞ്ചുവർഷം മുതൽ പതിനഞ്ച് വർഷം വരെ പഴക്കമുള്ളവയാണ്. ഇവയിൽ കൊള്ളാവുന്ന ബസ്സുകൾ കുറവാണ്. 500 ബസുകൾ പുന:സ്ഥാപിക്കാനേ ബഡ്ജറ്റ് വിഹിത മുള്ളൂ. ആദ്യം ബഡ്ജറ്റ് വിഹിതം 100 കോടിരൂപ വച്ചത് അങ്ങയുടെ നിർബന്ധംമൂലം 200 കോടി രൂപയായെങ്കിലും അതുകൊണ്ട് തികയുകയില്ല. കെ.എസ്.ആർ.ടി.സി.-ക്ക് ഫെബ്രുവരിയിൽ മാത്രം 170 കോടി രൂപയുടെ നഷ്ടമുണ്ടായതായി കാണുന്നു. പ്രതിമാസം 20 കോടി രൂപയിലധികം ഡീസ ലിനുവേണ്ടി ചെലവാകുന്നുണ്ട്. 40650 ജീവനക്കാർക്ക് ശമ്പളമായി 480

കോടി രൂപയും 36000 പേർക്ക് 408 കോടി രൂപ പെൻഷനായും നൽകേണ്ട തായിട്ടുണ്ട്. പക്ഷേ, 466 കോടി രൂപ പ്രതിവർഷം സാമൂഹ്യ ബാധ്യതയ്ക്കു വേണ്ടി ഏറ്റെടുക്കുന്നുവെന്ന പ്രശ്നമാണ് സുപ്രധാനം. ഗവൺമെന്റുകൾ മറക്കുന്ന ഒരു കാര്യമാണ്. 1980 മുതൽ 33 വർഷക്കാലം കെ.എസ്.ആർ.ടി. സി.-ക്ക് ഫുൾ ടിക്കറ്റ് കിട്ടുമായിരുന്നെങ്കിൽ ഇപ്പോൾ ടിക്കറ്റ് കൺസഷൻ ഇനത്തിൽ മാത്രം പതിനയ്യായിരം കോടി രൂപയാണ് നഷ്ടമാകുന്നത്. ഈ തുക മുഴുവൻ ഗവൺമെന്റുകൾ തിരിച്ചുകൊടുക്കേണ്ടതാണ്. എന്റെ ഒരു നിർദ്ദേശം, ഒരു കോൺട്രാക്ട് ഉണ്ടാക്കി പ്രതിവർഷം 500 കോടി രൂപ വീതം നൽകി 30 വർഷംകൊണ്ട് 15000 കോടി രൂപയും കൊടുത്തുതീർക്കണം. അത് ഏറ്റവും സുപ്രധാനമായ ഒരു പോളിസിയായി പ്രഖ്യാപിക്കണം. അങ്ങനെ തിരിച്ചുകൊടുത്താൽ കെ.എസ്. ആർ.ടി.സി. നഷ്ടമാണെന്ന് പറയു ന്നത് മിഥ്യയാകും. പതിനായിരം കോടി രൂപയുടെ ആസ്തി കെ.എസ്. ആർ. ടി.സി.ക്കുണ്ട്. ഇത് നഷ്ടമല്ല. നഷ്ടമാണെന്ന് പറയുന്നത് കളവാണ്. ഏഴ് ലക്ഷം വിദ്യാർത്ഥികൾക്കാണ് കഴിഞ്ഞ സാമ്പത്തിക വർഷം കൺസഷൻ കൊടുത്തത്. വികലാംഗർ, അന്ധർ, ബധിരർ, സീനിയർ സിറ്റിസൺസ്, പോലീസുകാർ, എക്സ്-സർവ്വീസ് മെൻ തുടങ്ങിയവർക്കുള്ള കൺസഷനു കൾ ഗ്രാമ-മലയോര സർവ്വീസുകൾ ഇതെല്ലാം ആദായകരമല്ലാത്ത കാര്യ മാണ്. കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിദിനം നാലരലക്ഷം ലിറ്റർ ഡീസൽ ആവശ്യമാണ്. ഡീസലിന്റെ വില വർദ്ധിച്ചതിന്റെ ഫലമായി അതിനുമാത്രം 936 കോടി രൂപ ചെലവാകും. ഈ തുകയിൽ 174 കോടി രൂപ ടാക്സിനത്തിൽ ഗവൺമെന്റിലേയ്ക്ക് തന്നെ വരികയാണ്. അപ്പോൾ ഇത് നഷ്ടമല്ല, ലാഭമാണ്. ബസ് സ്റ്റേഷനും സ്ഥലവും വാഹനങ്ങളും വർക്ക്

ഷോപ്പുമെല്ലാം കൂടി പതിനായിരംകോടി രൂപയുടെ ആസ്തിയുണ്ട്. ഇത് നഷ്ടമല്ല ലാഭമാണെന്ന് പ്രഖ്യാപിക്കുകയും പോളിസി ഡോക്യുമെന്റ് കൊണ്ടുവരികയും മുഴുവൻ ഷെഡ്യൂളുകളും പുന:സ്ഥാപിക്കുകയും ചെയ്യണം. കൂടുതൽ പേർക്ക് തൊഴിൽ നൽകി, കൃത്യമായ ശമ്പളവും പെൻഷനും കൊടുത്ത് കേരളത്തിന്റെ അഭിമാനമായ ഈ സ്ഥാപനത്തെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. വിപദി ധൈര്യത്തോടെയാണ് വൈദ്യുതി, ഗതാഗത വകുപ്പുകളിൽ അങ്ങ് ഇടപെട്ടു കൊണ്ടിരിക്കുന്നത്. ഞാൻ ഉന്നയിച്ച ഈ ആവശ്യങ്ങൾ അങ്ങ് അംഗീകരി ക്കുക വഴി കൂടുതൽ ശക്തിയോടെ പോരാടാൻ അങ്ങേയ്ക്ക് കഴിയട്ടെ എന്നാശംസിച്ചുകൊണ്ട് വ്യക്തമായ ഒരു മറുപടി പ്രതീക്ഷിക്കുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി <u>(ശ്രീ. ആര്യാടൻ മുഹമ്മദ്):</u> സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ശരി യാണ്. സ്വകാര്യമേഖലയിലെ ബസ് സർവ്വീസ് നടത്തുന്ന രീതിയിലല്ല കെ. എസ്.ആർ.ടി.സി. ഇവിടെ സർവ്വീസ് നടത്തുന്നത്. അതാത് കാലത്തെ ഗവൺമെന്റുകൾ തീരുമാനിക്കുന്ന കൺസഷൻസ് മുഴുവൻ കൊടുക്കുക യാണ്. 1980 മുതലുള്ള കണക്കുവച്ചുകൊണ്ട് 15000 കോടി രൂപയുടെ കൺസഷൻ നൽകുന്ന കാര്യം അദ്ദേഹം പറഞ്ഞു. സ്റ്റുഡന്റ്സിന്റെ കൺസ ഷനുപുറമേ ഫിസിക്കലി ഹാൻഡിക്യാപ്ഡ്, ഫ്രീഡം ഫൈറ്റേഴ്സ് അതു പോലെയുള്ളവർക്ക് കൺസഷൻ കൊടുക്കുന്നതുവഴി ഏറ്റവും ചുരുങ്ങിയത് 100 കോടി രൂപയുടെയെങ്കിലും നഷ്ടം സഹിക്കുന്നുണ്ട്. ടിക്കറ്റിന്റെ 17 ശത മാനത്തോളം മാത്രമാണ് നമുക്ക് ലഭിക്കുന്നത്. സ്വകാര്യ സർവ്വീസുകളെ സംബന്ധിച്ച് അവർക്ക് പെൻഷൻ ബാധ്യതയില്ല. എന്നാൽ കെ.എസ്.ആർ.

ടി.സി–യിൽ പെൻഷൻ നൽകാതിരിക്കാൻ കഴിയില്ല. പണ്ട് സർക്കാരിന്റെ കീഴിലായിരുന്നപ്പോൾ പെൻഷൻ കൊടുത്തിരുന്നതുകൊണ്ട് കെ.എസ്.ആർ. ടി.സി. ആക്കിയപ്പോഴും പെൻഷൻ കൊടുക്കേണ്ടതായിവന്നു. പ്രതിമാസം 35 കോടി രൂപയാണ് പെൻഷൻ ബാധ്യത. 45 കോടിരൂപ ശമ്പളം നൽകാൻ വേണം. ജനങ്ങൾ ഒറ്റപ്പെട്ട് താമസിക്കുന്ന സ്ഥലങ്ങളിലേയ്ക്കുള്ള ബസ്സുക ളിൽ യാത്രക്കാർ കുറഞ്ഞാലും സർവ്വീസ് നടത്താതിരിക്കാൻ നിർവ്വാഹമില്ല. ഈ കൺസഷനുകൾ മുഴുവൻ നിറുത്തലാക്കുകയും ലാഭകരമല്ലാത്ത റൂട്ടു കളിൽ ബസ് സർവ്വീസ് നടത്താതിരിക്കുകയും ചെയ്താൽ ലാഭകരമാക്കാൻ സാധിക്കും, അതിന് പ്രയാസമൊന്നുമില്ല. പക്ഷേ അതുകൊണ്ട് ജനങ്ങളുടെ ആവശ്യം നിർവ്വഹിക്കാൻ സാധിക്കുകയില്ല. ജനങ്ങളോടുള്ള കമ്മിറ്റ്മെന്റ് പാലിക്കണമെങ്കിൽ ഇന്നുള്ള സമ്പ്രദായത്തിൽ ഇത് നടന്നേ മതിയാകൂ. അതല്ലെങ്കിൽ കേരളത്തിലെ യാത്ര വളരെയധികം ക്ലേശകരമായിരിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഏതായാലും ഒരുകാര്യം ഞാൻ പറയുന്നു, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇത് കുറേക്കൂടി ഗൗരവമായി എടുത്ത് ഏതെങ്കിലും രീതിയിൽ ശരിയാക്കാനുള്ള മാർഗ്ഗമാണ് ഇപ്പോൾ ആലോചിക്കുന്നത്. അങ്ങ് 500 ബസുകളുടെ കാര്യം പറഞ്ഞു. അത് കുറേക്കൂടി വർദ്ധിപ്പിക്കാൻ കഴിയുമോയെന്നാണ് നോക്കുന്നത്. ഏതായാലും 500 ബസ്സ് എങ്കിലും ഇപ്രാവശ്യം ഇറക്കാനുള്ള നടപടിയും കൈക്കൊള്ളും. മെമ്പർ പറഞ്ഞ പല നിർദ്ദേശങ്ങളും പരിഗണിക്കാവുന്നതാണെന്നുമാത്രം ഞാൻ പറയുന്നു.

(7) സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിക്കെതിരെ നടന്ന വധശ്രമം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി സഖാവ് പിണറായി വിജയന്റെ വീടിന്റെ പരിസരത്തുവച്ച് ഇക്കഴിഞ്ഞ ഏപ്രിൽ മാസം മൂന്നാം തീയതി രാത്രി തോക്ക്, കൊടുവാൾ തുടങ്ങിയ മാരകായുധങ്ങളോടുകൂടി ഒരാളെ അറസ്റ്റ് ചെയ്തു. ഇയാളെ നാട്ടുകാർ പിടികൂടിയശേഷമാണ് പോലീസിൽ ഏൽപ്പിച്ചത്. മുപ്പത്തിയഞ്ച് മീറ്ററിനുള്ളിൽനിന്ന് വെടിവച്ചാൽ മരണം സംഭവിക്കത്തക്ക രീതിയിൽ പരിക്കേൽപ്പിക്കാൻ ശക്തിയുള്ള എയർ ഗണ്ണും നല്ല മൂർച്ചയുള്ള ഒരു കൊടുവാളുമാണ് ഇയാളുടെ കയ്യിൽനിന്ന് പിടിച്ചെടുത്തത്. കസ്റ്റഡിയിലെടുത്ത പ്രതി മാനസികരോഗിയാണെന്ന് പ്രചരിപ്പിച്ചുകൊണ്ട് ഈ സംഭവത്തിന്റെ ഗൗരവം കുറയ്ക്കാൻ ചില കേന്ദ്രങ്ങൾ ശ്രമിക്കുകയാണ്. ഇത് ഒരാൾക്കുമാത്രം ചെയ്യാൻ സാധിക്കുന്ന ഒരു കാര്യമല്ല. മോട്ടോർ ബൈക്കിലാണ് ഇയാളെ ശ്രീ. പിണറായി വിജയന്റെ വീടിന് സമീപം എത്തിച്ചതെന്നുള്ള റിപ്പോർട്ട് പുറത്ത് വന്നിരിക്കുകയാണ്. കൂടാതെ സഖാവ് പിണറായി വിജയൻ പങ്കെടുത്ത ഒരു പരിപാടി ഇരിട്ടിയിൽ നടന്നപ്പോൾ അവിടെയും ഈ വ്യക്തി ഇതുപോലൊരു രംഗനിരീക്ഷണം നടത്തിയതായും ഇദ്ദേഹം പിടിക്കപ്പെടുന്നതിനു മുമ്പ് വടകരയിലെ ഒരു ലോഡ്ജിൽ താമസിച്ചിരുന്നതായുമുള്ള വാർത്തകൾ പുറത്ത് വന്നിരിക്കുകയാണ്. വളയത്ത് വീടുള്ള ഇദ്ദേഹം വടകരയിലെ ലോഡ്ജിൽ കുറച്ചുദിവസം താമസിച്ചത് എന്തിനാണ്? സഖാവ് പിണറായി വിജയനെ വിധിക്കുകയാണ് തന്റെ ലക്ഷ്യമെന്ന് ഇദ്ദേഹം വെളിപ്പെടുത്തിയിരിക്കുകയാണ്. കേരളത്തിലെ ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടിയായ സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറിയെ വധിക്കാൻ ഒരാൾ വരികയും

അയാളെ നാട്ടുകാർ പിടികൂടി പോലീസിൽ ഏൽപ്പിക്കുകയും ചെയ്തു എന്നത് വളരെ ഗൗരവമുള്ള ഒരു കാര്യമാണ്. ഈ കേസ് ക്രൈംബ്രാഞ്ചിന് കൈമാറിയതായുള്ള വാർത്ത പത്രങ്ങളിൽ വന്നിരിക്കുകയാണ്. ഇതിനു പിന്നിൽ ആരെങ്കിലും ഗൂഢാലോചന നടത്തിയിട്ടുണ്ടോ? സാധാരണ ഗതി യിൽ ഒരാൾക്കുമാത്രം ഇത്തരം കാര്യങ്ങൾ ചെയ്യാൻ കഴിയുകയില്ല. ഇതിനു പിന്നിൽ വേറെയും ആളുകൾ പ്രവർത്തിച്ചിട്ടുണ്ട്. വടകരയിൽ ഇദ്ദേഹം ക്യാമ്പ് ചെയ്ത സന്ദർഭത്തിൽ ആരൊക്കെയാണ് ഇദ്ദേഹത്തെ അവിടെവന്ന് കണ്ടതെന്ന് പരിശോധിക്കണം. ആരുടെയെങ്കിലും പ്രേരണയില്ലാതെ ഇത്തര മൊരു സംഭവം നടക്കാൻ ഇടയില്ലെന്നും ഇയാൾ ഒറ്റയ്ക്കല്ല അവിടെയെത്തി യതെന്നുമുള്ള വാർത്തയാണ് ഇപ്പോൾ കൂടുതൽ ഗൗരവമുണ്ടാക്കുന്നത്. മാത്രമല്ല, ശ്രീ. പിണറായി വിജയനെതിരായി ആർ.എം.പി. യുടെ സംസ്ഥാന നേതാക്കന്മാർ തുടർച്ചയായി കൊലവിളി പ്രസംഗം നടത്തിയതായുള്ള പത്ര വാർത്തകൾ പുറത്ത് വന്നിരിക്കുകയാണ്. ഒഞ്ചിയത്തുള്ള ടി. പി. ചന്ദ്രശേഖ രന്റെ വധത്തെത്തുടർന്ന്, ചന്ദ്രശേഖരന്റെ ചോര ശ്രീ. പിണറായി വിജയന്റെ അവസാനംവരെ പിന്തുടരുമെന്ന് ഇടതുപക്ഷ ഏകോപന സമിതിയുടെ സെക്രട്ടറി ശ്രീ. ഹരിഹരൻ പ്രസംഗിച്ചതായുള്ള വാർത്തകൾ പുറത്തുവന്നി ട്ടുണ്ട്. നേരത്തെ ഇതുപോലുള്ള പ്രശ്നങ്ങളുണ്ടായപ്പോൾ സമാന രീതിയിൽ ഇത്തരം പ്രസംഗം നടത്തിയവരെ പരിശോധിക്കുകയും ചോദ്യം ചെയ്യുകയും ചെയ്ത കേരള പോലീസ് പ്രസ്തുത കേസിൽ അത്തരത്തിലുള്ള ഒരു നട പടിയും സ്വീകരിക്കാതെ ഇതൊരു മനോവിഭ്രാന്തിക്കാരന്റെ നടപടിയാണെന്ന് പറഞ്ഞ് ലഘൂകരിച്ചുകൊണ്ട് ഇതിനുപിന്നിൽ പ്രവർത്തിച്ചവരെ രക്ഷിക്കു വാൻ നടത്തുന്ന ശ്രമം ഒരു കാരണവശാലും അംഗീകരിക്കാൻ പാടില്ല. ഇതി നെതിരെ എന്തെങ്കിലും ശ്രമം നടത്തിയില്ലെങ്കിൽ അത് ഭാവിയിൽ ഗുരുതര

മായ പ്രത്യാഘാതം സൃഷ്ടിക്കും. ആയതിനാൽ ഇത് ഗൗരവമായി എടുത്തു കൊണ്ട് ഇതിന്മേൽ അടിയന്തര നടപടി സ്വീകരിക്കുകയും ഇതിനുപിന്നിൽ പ്രവർത്തിച്ച മുഴുവൻ വ്യക്തികളെയും പുറത്തുകൊണ്ടുവരികയും ഇത്തര ത്തിലുള്ള പ്രസംഗങ്ങൾ നടത്തിയവർ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നും ഈ പ്രസംഗത്തിൽ നിന്നും ആവേശം ഉൾക്കൊണ്ടുകൊണ്ടാണോ ഇങ്ങനെ യൊരാൾ ഇത്തരമൊരു നടപടിക്ക് പുറപ്പെട്ടത് എന്നിങ്ങനെയുള്ള കാര്യങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കത്തക്കവിധത്തിൽ ഉന്നതതലത്തിലുള്ള സമഗ്ര മായ അന്വേഷണം നടത്തണമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീ. കോടിയേരി ബാലകൃ ഷ്ണൻ ഇതിന്റെ പശ്ചാത്തലത്തെക്കുറിച്ച് പറയുകയുണ്ടായി. ആയതിനാൽ ഞാനത് വീണ്ടും ഓർമ്മിപ്പിക്കുന്നില്ല. ശ്രീ. പിണറായി വിജയന്റെ വീടിന ടുത്ത് തോക്കുമായെത്തിയയാളെ ചോദ്യം ചെയ്തപ്പോൾ കോഴിക്കോട് വളയം പിലാവുള്ള ഹൗസിൽ കുഞ്ഞിക്കൃഷ്ണൻ നമ്പ്യാർ, 75 വയസ്സ് എന്നാണ് ഇയാൾ വെളിപ്പെടുത്തിയത്. ഒരു എയർഗണ്ണും പ്ലാസ്റ്റിക് കവറിൽ സൂക്ഷിച്ചിരുന്ന ഒരു കൊടുവാളും ഒരു ചെറിയ കുപ്പിയിൽ സൂക്ഷിച്ച എയർഗൺ പെല്ലറ്റും പ്രതിയിൽ നിന്ന് പിടിച്ചെടുക്കുകയുണ്ടായി. ആയുധം കയ്യിൽവച്ചത് എന്തിനാണെന്നുള്ള ചോദ്യത്തിന് വ്യക്തമായ ഉത്തരം നൽകാ ത്തതിനാൽ ഏതോ കുറ്റകൃത്യം ചെയ്യാനുള്ള ഉദ്ദേശ്യത്തോടുകൂടി നിൽക്കുക യാണെന്നുള്ള ഉത്തമ വിശ്വാസത്തിൽ ഇയാളെ രാത്രി എട്ടേമുക്കാൽ മണിക്ക് നിയമാനുസരണം അറസ്റ്റ് ചെയ്ത് കൈവശം കാണപ്പെട്ട മുതലുകൾ ബന്തവ സ്സിലെടുത്തു. തുടർന്ന് പോലീസ് സ്റ്റേഷനിൽ ഹാജരാക്കിയ പ്രതിയെ ആംസ്

ആക്ട് സെക്ഷൻ 25(1) എ പ്രകാരം ക്രൈം 217/2013–ആയി കേസ് രജിസ്റ്റർ ചെയ്തു. പ്രതിയെ ചോദ്യം ചെയ്തതിനുശേഷം 4–4–2013–ൽ ബഹുമാനപ്പെട്ട തലശ്ശേരി ചീഫ് ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കി റിമാൻഡ് ചെയ്തു. ഈ പ്രതിയെ സ്റ്റേഷനിൽവച്ച് ചോദ്യം ചെയ്തപ്പോൾ മുകളിൽ പറഞ്ഞ വിലാസത്തിൽ താമസിക്കുകയാണെന്നും ഭാര്യയും മൂന്ന് മക്കളുമുണ്ടെന്നും മേൽപ്പടിയാന്റെ പിതാവിന് ലൈസൻസുള്ള ഒരു തോക്കുണ്ടായിരുന്നത് നാദാപുരം പോലീസ് സ്റ്റേഷനിൽ സറണ്ടർ ചെയ്തിട്ടുണ്ടെന്നും തോക്കിനോടുള്ള കൗതുകം നിമിത്തം ഉദ്ദേശം രണ്ട് മാസം മുമ്പ് കോഴിക്കോടുള്ള ഒരു കടയിൽ നിന്നും എയർഗൺ വാങ്ങിയതാണെന്നും പറഞ്ഞിട്ടുണ്ട്. പലപ്പോഴും വീട്ടിലെ മറ്റ് അംഗങ്ങളോട് പറയാതെ ക്ഷേത്രങ്ങളിലും മറ്റ് പല സ്ഥലങ്ങളിലും ആഴ്ചകളോളം താമസിക്കാറുണ്ടെന്നും കഴിഞ്ഞ നാല് ദിവസമായി വടകരയിലെ ആലയ്ക്കൽ റെസിഡൻസിയിലാണ് താമസമെന്നും ഇയാൾ വെളിപ്പെടുത്തി. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. പിണറായി വിജയൻ എന്നിവരുമായി ഈ സംഭവത്തെക്കുറിച്ച് ഞാൻ സംസാരിച്ചിട്ടുണ്ട്. കൂട്ടുപുഴയിൽ ശ്രീ. പിണറായി വിജയൻ പ്രസംഗിക്കുന്നതിനായി എത്തിയ സന്ദർഭത്തിൽ ഈ വ്യക്തി അവിടെ എത്തിയെന്നുള്ള മറ്റൊരു വിവരവും എനിക്ക് ലഭിച്ചിട്ടുണ്ട്. ഇതെല്ലാംകൂടി കണക്ക് ചെയ്യുമ്പോൾ ഇതിനുപിന്നിൽ എന്തെങ്കിലും ഗൂഢാലോചന ഉണ്ടോയെന്നതിനെക്കുറിച്ച് പരിശോധിക്കണമെന്നതാണ് ഗവൺമെന്റിന്റെ സ്റ്റാൻഡ്. ആയതിനാൽ ഈ കേസ് വളരെ ഗൗരവപൂർവ്വം കൈകാര്യം ചെയ്യുന്നതിനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ഇതുസംബന്ധിച്ച് ചർച്ചകൾ നടത്തി. കണ്ണൂർ ക്രൈം ബ്രാഞ്ചിലെ ഡിവൈ.എസ്.പി.യെ ഈ കേസിന്റെ അന്വേഷണച്ചുമതല ഏൽപ്പിച്ചിരിക്കുക

യാണ്. ക്രൈംബ്രാഞ്ചിലെ എ.ഡി.ജി.പി. ശ്രീ. വിൻസന്റ് പോൾ അതിന് മേൽനോട്ടം വഹിക്കും. ഈ കേസ് വളരെ ഗൗരവത്തോടെ ഗവൺമെന്റ് കാണുകയാണ്. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ പ്രത്യേകമായ എന്തെങ്കിലും ഗൂഢാലോചനയോ ദുരുദ്ദേശമോ ഉണ്ടെങ്കിൽ അത് പുറത്തുകൊണ്ടുവരുന്നതിനുവേണ്ടിയുള്ള എല്ലാവിധ അന്വേഷണവും ഗവൺമെന്റ് നടത്തുന്നതാണ്.

## (8) <u>നെയ്യാറ്റിൻകര പോലീസ് കോംപ്ലക്സ്</u>

<u>ശ്രീ. ആർ. സെൽവരാജ്</u>: സർ, വളരെ പഴകി ജീർണ്ണിച്ച നെയ്യാറ്റിൻകര പോലീസ് ഓഫീസ് കോംപ്ലക്സ് മാറ്റി പുതിയ കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തിരുന്നപ്പോൾ നെയ്യാറ്റിൻകര പോലീസ് ഓഫീസ് കോംപ്ലക്സിന് 2012 ജനുവരി മാസം 4-ാം തീയതി തറക്കല്ലിടുകയും ധനകാര്യ വകുപ്പ് നിർമ്മാണത്തിനാവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഈ ഓഫീസ് കോംപ്ലക്സിന്റെ നിർമ്മാണ ചുമതല പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരുന്നത്. എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ, ഡിവൈ.എസ്.പി.യുടെ ഓഫീസും സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസും അതുപോലെതന്നെ എസ്.ഐ.യുടെ ഓഫീസും ഒരേ മന്ദിരത്തിൽ പ്രവർത്തിക്കുന്നത് അവിടത്തെ ചില ഉദ്യോഗസ്ഥർക്ക് സ്വീകാര്യമായിരുന്നില്ല. അതിന്റെ അടിസ്ഥാനത്തിൽ ഫയലിൽ ക്വറി എഴുതി ഇത് നീട്ടിക്കൊണ്ടുപോകുന്നത് പതിവായിരുന്നു. ഇക്കാര്യം നിരവധി പ്രാവശ്യം രേഖാമൂലം ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയുടെ

ശ്രദ്ധയിൽപ്പെടുത്തുകയും ഇതിന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തുവെങ്കിലും ഇന്നുവരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി നേരിട്ട് ഇടപെട്ടുകൊണ്ട്, നെയ്യാറ്റിൻകര പോലീസ് ഓഫീസ് കോംപ്ലക്സിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച തരത്തിലുള്ള ചില നടപടികൾ ഇപ്പോൾത്തന്നെ എടുത്തിട്ടുണ്ട്. ക്വാർട്ടേഴ്സുകൾ പൊതുലേലത്തിലൂടെ വിൽപ്പന നടത്തി പൊളിച്ചുമാറ്റുന്നതിനായി 2,68,086 രൂപയുടെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കി സർക്കാർ അനുമതി പത്രപ്രകാരം 03-07-2008–ൽ നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ പരിസരത്തു വച്ച് ലേലം ചെയ്തെങ്കിലും ലേലത്തുക കൂടുതലാണെന്ന കാരണത്താൽ ആരും ലേലം കൊള്ളാൻ തയ്യാറായില്ല. അതിനെത്തുടർന്ന് 25–09–2008, 15–11–2008 എന്നീ തീയതികളിൽ പുനർലേലം നടത്തിയെങ്കിലും ലേലത്തിൽ പങ്കെടുത്തവർ പൊതുമരാമത്ത് വകുപ്പിനാൽ നിശ്ചയിച്ച തറവിലയ്ക്കോ അതിൽ കുറഞ്ഞ തുകയായ 2,00,000 രൂപയ്ക്കോ ലേലം കൊള്ളാൻ തയ്യാറായില്ല. പന്ത്രണ്ട് വർഷങ്ങൾക്കുമുമ്പ് എ.ആർ. ക്യാമ്പ് പുളിങ്കുടിയിലേയ്ക്ക് മാറ്റിയതിനെത്തുടർന്ന് ക്വാർട്ടേഴ്സ് ആൾപ്പാർപ്പില്ലാതെ കിടക്കുകയാണ്. ടി കെട്ടിടത്തിലെ തടിയും മറ്റ് സാമഗ്രികളും മഴമൂലവും കാലപ്പഴക്കംകൊണ്ടും ജീർണ്ണിച്ച അവസ്ഥയിലാണ്. ആക്കാരണത്താലാണ് ലേലം കൊള്ളാൻ

ആളുകൾ തയ്യാറാകാത്തത്. കെട്ടിടത്തിന്റെ തറവില പുതുക്കി നിശ്ചയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭിച്ച പ്രൊപ്പോസൽ അഭിപ്രായത്തിനായി പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. പോലീസ് കോംപ്ലക്സ് നിർമ്മിക്കാനുള്ള സ്ഥലം തടസ്സരഹിതമായി കെ.പി.എച്ച്.സി.സി. ക്ക് കൈമാറുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിലേയ്ക്കായി, പഴയ ക്വാർട്ടേഴ്സുകൾ പൊളിച്ച് സാധനസാമഗ്രികൾ അടുക്കിവച്ച് പിന്നീട് ലേലം ചെയ്യുന്നതിനുള്ള നിയമപരമായ സാധ്യതയും പരിശോധിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ കാര്യങ്ങൾ ഗൗരവപൂർവ്വം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

## (9) രക്ഷാപ്രവർത്തനങ്ങളിലുണ്ടാകുന്ന കാലതാമസം

ശ്രീ. ബി. സത്യൻ: സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കിളിമാനൂർ എം.സി.റോഡിലും എം.സി. റോഡിലേയ്ക്ക് വരുന്ന വിവിധ റോഡുകളിലും തുടർച്ചയായി അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഒരു നാടിനെത്തന്നെ നടുക്കുകയും അവിടത്തെ ജനങ്ങൾക്കാകെ പ്രയാസമുണ്ടാക്കുകയും ചെയ്ത സംഭവമാണ് 7-ാം തീയതി കിളിമാനൂർ നഗരൂരിന് സമീപമുണ്ടായിരിക്കുന്നത്. ആ അപകടത്തിൽ ഒരു ജവാനും അദ്ദേഹത്തിന്റെ സഹോദരിയുടെ മകളായ ആറുവയസ്സുകാരിയും കുടുംബസുഹൃത്തും സഞ്ചരിച്ചിരുന്ന വാഹനം ലോറിയിൽ തട്ടി തീപിടിക്കുകയും അവർ മരണപ്പെടുകയും ചെയ്തു. ഇവിടെ തുടർച്ചയായുണ്ടാകുന്ന അപകടങ്ങളിൽപ്പെട്ട് നിരവധി ആളുകളാണ് ദാരുണമായി മരണത്തിനിരയാകുന്നത്. പക്ഷേ, അവിടെ സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടവരും സുരക്ഷാ സംവിധാനവും പാടെ വിറങ്ങലിച്ചു നിൽക്കുക

യാണ്. ആ സംഭവം നടന്നപ്പോൾ "നിസ്സഹായരായി നാട്ടുകാരും പോലീസും" (കേരള കൗമുദി), "മരവിച്ച് നിന്ന നിസ്സഹായത" (മലയാള മനോരമ) എന്നിങ്ങനെ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഏതാനും മാസങ്ങൾക്കു മുമ്പാണ് എം.സി. റോഡിന്റെ ഭാഗമായ മറവക്കുഴിയിൽ നാലുപേർ സഞ്ചരിച്ചിരുന്ന വാഹനത്തെ ടിപ്പർ ലോറി ഇടിച്ച് തെറിപ്പിക്കുകയും ടിപ്പർ ലോറി ആ കാറിനുമുകളിൽ വീഴുകയും അതിനുള്ളിലുണ്ടായിരുന്ന നാലുപേർ മരണപ്പെടുകയും ചെയ്തത്. കഴിഞ്ഞ ദിവസം കിളിമാനൂർ ജംഗ്ഷന് സമീപം മറ്റൊരു വാഹനമിടിച്ച് രണ്ടുപേർ ദാരുണമായി മരണപ്പെടുകയുണ്ടായി. ഇതെല്ലാം തുടർച്ചയായി നടക്കുമ്പോഴും സംഭവം കഴിഞ്ഞ് മണിക്കൂറുകൾക്കുശേഷം മാത്രമേ സുരക്ഷാസംവിധാനം ഏർപ്പെടുത്താൻ സാധിക്കുന്നുള്ളൂ. നഗരൂരിൽ അപകടം നടന്ന് മൂന്നുമണിക്കൂർ കഴിഞ്ഞാണ് മൃതദേഹങ്ങൾ പുറത്തെടുക്കാൻപോലും കഴിഞ്ഞതെന്ന് മലയാള മനോരമ പത്രത്തിൽ പറയുന്നുണ്ട്. അപകടത്തിൽപ്പെട്ടവരെ രക്ഷപ്പെടുത്തുന്നതിനാവശ്യമായ ക്രെയിനോ മറ്റ് സംവിധാനങ്ങളോ അവിടെയില്ല. കിളിമാനൂർ കേന്ദ്രമാക്കി ഒരു ഫയർ ആന്റ് സേഫ്റ്റി സർവ്വീസസ് തുടങ്ങണമെന്ന് നിരന്തരമായി നാട്ടുകാരും ജനങ്ങളും പ്രദേശവാസികളും ആവശ്യപ്പെടുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുത്ത് ആ ഭാഗത്തുള്ള ജനപ്രതിനിധികളുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും ഒരു യോഗം വിളിച്ചുചേർക്കാൻ തയ്യാറാകണം. മൂന്നോ നാലോ ടൺ സാധനം മാത്രം താങ്ങാൻ കപ്പാസിറ്റിയുള്ള ലോറിയിൽ 80 ടൺ ഭാരമുള്ള രണ്ട് വലിയ ഗ്രാനൈറ്റ് പീസുകളാണ് കൊണ്ടുപോയത്. ആ കല്ലുകൾ നീക്കം ചെയ്യാൻപോലും കഴിഞ്ഞില്ല. അങ്ങനെ ദാരുണമായിട്ടുള്ള സംഭവങ്ങൾ തുടർച്ചയായി നടക്കുന്നു. തിര

ക്കൊഴിഞ്ഞ സമയങ്ങളിൽ മാത്രമേ ഇത്തരം ചരക്കുകൾ കൊണ്ടുപോകാനുള്ള അനുവാദമുള്ളൂ. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ നിയന്ത്രിക്കാൻ പോലീസ് സംവിധാനം ഉണ്ടാകണം. ഫയർ ആന്റ് സേഫ്റ്റി സംവിധാനം ശക്തിപ്പെടുത്തണം. ഭാരം കയറ്റിയ വാഹനങ്ങൾ നിയന്ത്രിക്കാനുള്ള സംവിധാനമുണ്ടാകണം. ഇത്തരം കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതിന് അങ്ങ് പ്രത്യേകമായൊരു ഒരു യോഗം വിളിച്ചുചേർത്ത് ഈ പ്രദേശത്തുണ്ടായിരിക്കുന്ന സംഭവങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ശ്രമിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ഇതിന്റെ പശ്ചാത്തലത്തെക്കുറിച്ച് പറഞ്ഞതുകൊണ്ട് അതിനെപ്പറ്റി വിശദീകരിക്കുന്നില്ല. **KL - 01 AN 6562** നമ്പർ മാരുതി ആൾട്ടോ കാറിൽ ലോറിയിടിച്ച് കാർ റോഡിന് കിഴക്കുവശത്തുള്ള തോട്ടിലേയ്ക്ക് മറിയുകയും നിയന്ത്രണംവിട്ട ലോറി കാറിനുപുറത്തേയ്ക്ക് മറിഞ്ഞ് ഇരുവാഹനങ്ങൾക്കും തീപിടിച്ചതിൽ കാറിൽ യാത്രചെയ്തുവന്ന കിളിമാനൂർ വില്ലേജിൽ ചെങ്കിക്കുന്ന് പ്രദേശത്തെ കണ്ണയംകോട് ചെരുവിള വീട്ടിൽ ഗംഗാധരൻ ആശാരി (70 വയസ്സ്) നഗരൂർ വില്ലേജിലെ തേക്കിൻകാട് നഗരൂട്ടിൽ വീട്ടിൽ സന്തോഷ്കുമാർ മകൾ ആർദ്ര (6 വയസ്സ്) കാർ ഓടിച്ചിരുന്ന ചെങ്കിക്കുന്ന് പ്രദേശത്തെ അറപ്പുരവീട്ടിൽ നാരായണക്കുറുപ്പ് മകൻ ശ്രീജിത്ത് (35 വയസ്സ് ) എന്നിവർ പൊള്ളലേറ്റ് മരിച്ചു. ഇതാണ് ആ ദാരുണമായ സംഭവത്തിന്റെ പശ്ചാത്തലം. മാത്രമല്ല, ഈ സംഭവമുണ്ടാകാൻ ഇടയായ കാരണങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുകൊണ്ട് അതിനെപ്പറ്റി ആവർത്തിക്കുന്നില്ല. ആറ്റിങ്ങലിൽ

നിന്ന് പത്ത് കിലോമീറ്റർ അകലെ കിളിമാനൂർ മേഖലയിലാണ് ഈ അപകടം നടന്നിരിക്കുന്നത്. ഉദ്ദേശം 16 ടൺ ഭാരമുള്ള രണ്ട് ഗ്രാനൈറ്റുകളാണ് ലോറി യിൽ കയറ്റിയിരുന്നത്. ഇത്രയധികം ഭാരം കയറ്റാനുള്ള ശക്തി ആ ലോറിക്കോ റോഡിനോ ഇല്ല. അപകടം നടന്ന സ്ഥലത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനില്ലാത്തതുകൊണ്ടല്ല, ഈ ഭാരം ഉയർത്തിമാറ്റുന്നതിനുള്ള ബുദ്ധിമുട്ടാണ് ഉണ്ടായിട്ടുള്ളത്. ഇതൊരസാധാരണമായ സംഭവമാണ്. ഈ രണ്ട് ഗ്രാനൈറ്റ് കഷണങ്ങൾ ഉയർത്തിമാറ്റുന്നതിനായി ക്രെയിൻ വരാ നുണ്ടായ താമസമാണ് പ്രശ്നമായത്. ഈ സംഭവത്തിൽ ജനങ്ങൾക്കും ഇതു മായി ബന്ധപ്പെട്ട എല്ലാവർക്കും മാനസികമായ വിഷമമുണ്ട്. നിരവധി അപ കടമുണ്ടാകുന്ന ഒരു മേഖലയായിട്ടാണ് കിളിമാനൂർ കണക്കാക്കുന്നത്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ അവിടത്തെ ജനപ്രതിനിധികളുടെ ഒരു യോഗം വിളിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന് ആവുന്ന രൂപത്തിലുള്ള സഹായമെല്ലാം ചെയ്യാം. ഇത്തരം സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എല്ലാവിധത്തിലുമുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

## (10) ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലാബ് അസിസ്റ്റന്റുമാരുടെ സേവന വേതന വ്യവസ്ഥകളുടെ പരിഷ്കരണം

ശ്രീ. കെ. മുരളീധരൻ: സർ, സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുക ളിലെ ലാബ് അസിസ്റ്റന്റ് തസ്തികയിൽ ജോലി നോക്കുന്ന ആയിരക്കണക്കിന് ജീവനക്കാർ സേവന-വേതന വ്യവസ്ഥകളിലെ അപാകതകൾ നിമിത്തം അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ

ആഗ്രഹിക്കുകയാണ്. ഇപ്പോൾ എസ്.എസ്.എൽ.സി. അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള ലാബ് അസിസ്റ്റന്റ് തസ്തികയെ ഒൻപതാം ശമ്പള പരിഷ്കരണത്തിൽ സമാനമായ മറ്റ് തസ്തികകൾക്ക് നൽകിയ ശമ്പള സ്കെയിൽ നൽകാതെ അവഗണിക്കുകയായിരുന്നു. സ്വാഭാവികമായും എൽ.ഡി. ക്ലാർക്കിന് തുല്യമായ ശമ്പളസ്കെയിലിന് ഇവർക്ക് അർഹതയുണ്ട്. എന്നാൽ ഇക്കാര്യം ചൂണ്ടിക്കാട്ടി പ്രസ്തുത വിഭാഗം ജീവനക്കാർ നിരവധി നിവേദനങ്ങൾ നൽകുകയുണ്ടായെങ്കിലും ഒന്നുംതന്നെ അനുകൂലമായി പരിഗണിക്കപ്പെട്ടില്ല. ഏപ്രിൽ മാസം എട്ടാം തീയതി അവർ സെക്രട്ടേറിയറ്റ് മാർച്ചും ധർണയും സംഘടിപ്പിക്കുകയുണ്ടായി. വളരെ തുച്ഛമായ ശമ്പളം പറ്റുന്ന താഴ്ന്നവിഭാഗം ജീവനക്കാരായ ലാബ് അസിസ്റ്റന്റുമാരുടെ ആവശ്യങ്ങൾ ബന്ധപ്പെട്ട അധികാരികൾ സഗൗരവം പരിഗണിക്കേണ്ടിയിരിക്കുന്നു. സിവിൽ സർവ്വീസിൽ ജീവനക്കാർക്ക് പൊതുവേ പ്രൊമോഷൻ സാധ്യതകൾ നിലവിലുണ്ടെങ്കിലും ലാബ് അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ഒരാൾ അതേ തസ്തികയിൽത്തന്നെ പെൻഷൻവാങ്ങി പിരിയേണ്ട ദുരവസ്ഥയാണ് ഇന്നുള്ളത്. ഹയർ സെക്കണ്ടറി സ്കൂളുകളിലെ ക്ലാർക്ക്, ലൈബ്രേറിയൻ, അദ്ധ്യാപക തസ്തികയിലേയ്ക്ക് അർഹരായ ലാബ് അസിസ്റ്റന്റുമാർക്ക് പ്രൊമോഷൻ ലഭിക്കാൻ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യേണ്ടിയിരിക്കുന്നു. ബൈ ട്രാൻസ്ഫർ നിയമനം ലഭിച്ച അൻപത് വയസ്സ് കഴിഞ്ഞ ഒട്ടനവധി ലാബ് അസിസ്റ്റന്റുമാർ വകുപ്പുതല ടെസ്റ്റ് പാസ്സായില്ലെന്ന കാരണത്താൽ നിരവധി വർഷങ്ങളായി ഇൻക്രിമെന്റും ഗ്രേഡും ലഭിക്കാതെ സർവ്വീസിൽ തുടരുന്നുണ്ട്. സർക്കാർ സർവ്വീസിൽ അൻപത് വയസ്സ് കഴിഞ്ഞവർക്ക് നൽകുന്ന ടെസ്റ്റ് ഇളവുകൾ ഇവർക്ക് നൽകേണ്ടിയിരിക്കുന്നു. സ്കൂളുകളിലെ അദ്ധ്യാപകർക്കൊപ്പം അദ്ധ്യയന

പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന വെക്കേഷൻ സ്റ്റാഫായ ലാബ് അസിസ്റ്റന്റു മാർക്ക് ന്യായമായും സൂപ്പറാന്വേഷൻ ആനുകൂല്യം നൽകേണ്ടതാണ്. അതു പോലെതന്നെ ഇവരുടെ പ്രവർത്തന സാഹചര്യം പരിഗണിച്ച് റിസ്ക് അല വൻസും അനുവദിക്കേണ്ടതുണ്ട്. ലാബ് അസിസ്റ്റന്റുമാരുടെ നേരിട്ടുള്ള നിയമ നത്തിനുവേണ്ട അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ഉയർത്തണമെന്ന ആവശ്യവും ഗൗരവത്തോടെ പരിഗണിക്കേണ്ടതാണ്. സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലാബ് അസിസ്റ്റന്റ് തസ്തികയിൽ ജോലി നോക്കുന്ന സാധാരണക്കാരായ നൂറുകണക്കിന് ജീവനക്കാരുടെ ന്യായമായ അവകാശങ്ങൾ സർക്കാർ ഗൗരവപൂർവ്വം പരിഗണിച്ച് അനുഭാവപൂർവ്വമായ നടപടികൾ എത്രയും പെട്ടെന്ന് കണ്ടെത്തണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, നിലവിൽ എൽ.ഡി. ക്ലാർക്കിന്റെ അടിസ്ഥാന യോഗ്യത പ്ലസ് ടു അല്ലെങ്കിൽ തത്തുല്യമായി സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലാബ് അസിസ്റ്റന്റു മാരെ നേരിട്ട് നിയമിക്കുന്നതിനുള്ള അടിസ്ഥാനയോഗ്യത എസ്.എസ്.എൽ. സി.–യും ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് വിജയവുമാണ്. എന്നാൽ ബൈട്രാൻസ്ഫർ നിയമനത്തിന് ഏഴാം ക്ലാസ് വിജയവും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് വിജയവുമാണ് അടിസ്ഥാനയോഗ്യതകൾ. ആയതിനാൽ നിലവിൽ എൽ.ഡി. ക്ലാർക്കിന് തുല്യമായ ശമ്പള സ്കെയിലിന് ഇവർക്ക് അർഹതയുള്ളതായി കാണക്കാക്കാൻ സാധിക്കുകയില്ല. യോഗ്യത, ജോലിയുടെ സ്വഭാവം, ഉത്തര വാദിത്വം ഇവയുടെ അടിസ്ഥാനത്തിലാണ് ഓരോ തസ്തികയുടെയും ശമ്പളം സർക്കാർ നിജപ്പെടുത്തുന്നത്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നടത്തുന്ന ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് നിയമന സമയത്ത് പാസ്സാകേണ്ടതില്ല, എന്നാൽ പ്രൊബേഷൻ കാലയളവിനുള്ളിൽ പാസ്സാകേണ്ടതുണ്ട്. ഹയർ സെക്കണ്ടറി സ്കൂളുകളിൽ ക്ലാർക്ക്, ലൈബ്രേറിയൻ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ലാബ് അസിസ്റ്റന്റുമാർക്ക് അദ്ധ്യാപക തസ്തികകളിലേക്ക് ബൈ ട്രാൻസ്ഫർ പ്രൊമോഷൻ നൽകുന്നതിന് ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾ ഭേദഗതി ആവശ്യമാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഇതുവരെ രണ്ടുതവണ മാത്രമാണ് പ്രസ്തുത ടെസ്റ്റ് നടത്തി യിട്ടുള്ളത്. ബൈ ട്രാൻസ്ഫർ നിയമനം ലഭിച്ച 50 വയസ്സ് കഴിഞ്ഞ ലാബ് അസിസ്റ്റന്റുമാർക്ക് വകുപ്പുതല ടെസ്റ്റിൽനിന്നും ഇളവ് നൽകണമെങ്കിൽ ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യേണ്ടത് ആവശ്യമാണ്. ലാബ് അസിസ്റ്റന്റുമാർക്ക് അദ്ധ്യാപകരെപ്പോലെ സൂപ്പറാന്യുവേഷൻ ആനുകൂല്യം നൽകുന്നതുസംബന്ധിച്ചും ഇവരുടെ പ്രവർത്തന സാഹചര്യം പരിഗണിച്ച് റിസ്ക് അലവൻസ് നൽകുന്നതുസംബന്ധിച്ചും സർക്കാർ ആലോചിച്ചിട്ടില്ല. ലാബ് അസിസ്റ്റന്റുമാരുടെ നേരിട്ടുള്ള നിയമനത്തിനുവേണ്ട അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ഉയർത്തുന്നതിനും ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് ഭേദഗതി ആവശ്യമാണ്. ഈ ഭേദഗതി വരുത്തുന്ന മുറയ്ക്ക് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മറ്റ് കാര്യങ്ങൾ കൂടി പരിഗണിക്കുന്നതാണ്.

## (11) അടൂർ കേന്ദ്രമാക്കി വിദ്യാഭ്യാസ ജില്ല അനുവദിക്കൽ

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, അടൂർ വിദ്യാഭ്യാസ ജില്ല അനുവദി ക്കുകയെന്ന ആവശ്യം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ സബ്മിഷൻ. അടൂർ കേന്ദ്രമാക്കി ഒരു പുതിയ വിദ്യാഭ്യാസ ജില്ല

രൂപീകരിക്കണമെന്ന ആവശ്യം നിലവിൽ വളരെ സജീവമായിട്ടുള്ളതാണ്. പത്തനംതിട്ട റവന്യൂ ജില്ലയുടെ പരിധിയിൽ നിലവിൽ രണ്ട് വിദ്യാഭ്യാസ ജില്ല കളാണുള്ളത്, തിരുവല്ലയും പത്തനംതിട്ടയും. ജില്ലയിലെ ഏറ്റവും പ്രധാന കേന്ദ്രമായ അടൂർ ആസ്ഥാനമാക്കി മൂന്നാമതൊരു വിദ്യാഭ്യാസ ജില്ല കൂടി രൂപീകരിക്കണമെന്നുള്ളത് അദ്ധ്യാപക സമൂഹത്തിന്റെയും വിദ്യാർത്ഥികളു ടെയും വർഷങ്ങളായുള്ള തികച്ചും അനിവാര്യമായ ആവശ്യമാണ്. നിലവിലുള്ളതായ രണ്ട് വിദ്യാഭ്യാസ ജില്ലകളിലുമായി നൂറ്റിയൻപതിലധികം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. അടൂർ മണ്ഡലത്തിലെ പത്തനംതിട്ട ജില്ലാ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന തെങ്ങമം പോലെയുള്ള നിരവധി വിദൂര സ്ഥലങ്ങളിൽനിന്നും നിലവിൽ പത്തനംതിട്ട വിദ്യാഭ്യാസ ജില്ലാ ആഫീസിൽ പോയി കാര്യങ്ങൾ സാധിച്ച് രാത്രിക്കുമുമ്പ് തിരിച്ചെത്തുക യെന്നുള്ളത് സാമാന്യജനത്തിന് തികച്ചും അസാദ്ധ്യമാകുന്നു. ആയതിനാൽ തിരുവല്ല, പത്തനംതിട്ട എന്നീ നിലവിലുള്ള വിദ്യാഭ്യാസ ജില്ലകൾ ഉൾപ്പെട്ടുവരുന്ന നൂറ്റിയൻപതിൽപ്പരമായിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സേവനലഭ്യത കൂടുതൽ സൗകര്യപ്രദമാക്കുന്നതിനും നിലവിലുള്ള വിദ്യാഭ്യാസ ജില്ലാ ആഫീസുകളുടെ വർദ്ധിച്ച ജോലിബാഹുല്യം ലഘൂകരിച്ച് കാര്യക്ഷമമാക്കുന്നതിനും അടൂർ ആസ്ഥാനമാക്കി ഒരു പുതിയ വിദ്യാഭ്യാസ ജില്ല കൂടി രൂപീകരിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, അടൂർ താലൂക്കിന്റെ അതിർത്തിപ്രദേശങ്ങളിൽനിന്നും ദൂരത്തായി സ്ഥിതിചെയ്യുന്ന പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസുമായി ബന്ധപ്പെടുന്നതിന് അടൂർ നിവാസികൾ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ട്. കൂടാതെ ഇപ്പോൾ പത്തനംതിട്ട, തിരുവല്ല എന്നീ ജില്ലാ ഓഫീസുക

ളിൽ ഇതുമൂലം അധിക ജോലിഭാരം നിലനിൽക്കുന്നതായും കാര്യക്ഷമമായ ഓഫീസ് പ്രവർത്തനത്തിന് ഇത് തടസ്സമാകുന്നതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിന് പരിഹാരമായി പത്തനംതിട്ട റവന്യൂ ജില്ലയിൽ നിലവിലുള്ള തിരുവല്ല, പത്തനംതിട്ട വിദ്യാഭ്യാസ ജില്ലാ ഓഫീസുകളുടെ പരിധിയിൽവരുന്ന സ്കൂളുകളുടെയും മറ്റ് അനുബന്ധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പുന:രൂപീകരണം നടത്തി അടൂർ കേന്ദ്രമായി ഒരു പുതിയ വിദ്യാഭ്യാസ ജില്ല കൂടി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടിയെന്ന നിലയിൽ പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറോട് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആയതിന്റെ വിവിധ വശങ്ങൾ പരിശോധിച്ചശേഷം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (12) സ്വർണ്ണ വ്യാപാരികളിൽ നിന്ന് സെസ്സ് പിരിക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി നിയമം 2009 ആഗസ്റ്റിലാണ് പാസ്സായത്. അതനുസരിച്ച് 2010 ആഗസ്റ്റിൽ ക്ഷേമനിധി ബോർഡ് നിലവിൽ വരികയും ചെയ്തു. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ മേഖലാ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ജീവനക്കാരെ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലാണ് നിയമിച്ചിരിക്കുന്നത്. ക്ഷേമനിധിയുടെ പ്രവർത്തനത്തിനുവേണ്ടി വിവിധ ക്ഷേമനിധി ബോർഡുകളിൽനിന്നും 15 ലക്ഷത്തോളം രൂപ കടമെടുത്തുകൊണ്ടാണ് പ്രവർത്തനം ആരംഭിച്ചത്. പന്ത്രണ്ടായിരത്തിൽപ്പരം തൊഴിലാളികൾ ആ ക്ഷേമനിധിയിൽ അംഗങ്ങളായിത്തീരുകയും

ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്പോൾ ആ ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമല്ലാതാകുന്ന സ്ഥിതിയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. ഈ ക്ഷേമനിധിയിലേക്ക് സ്വർണ്ണവ്യാപാരികളിൽനിന്ന് ഏകദേശം 0.25 ശതമാനം സെസ്സ് പിരിക്കണമെന്ന് തീരുമാനിച്ചിരുന്നു. സ്വർണ്ണ വ്യാപാരികളുടെ പ്രതിനിധികൾ ഉൾപ്പെടെ പങ്കെടുത്തുകൊണ്ടുള്ള ബോർഡ് യോഗത്തിൽ തീരുമാനമെടുത്തെങ്കിലും ആ തീരുമാനം നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടില്ല. നിയമത്തിലും അതുതന്നെയാണ് പറയേണ്ടത്. ഇപ്പോൾ ക്ഷേമനിധിയുടെ പ്രവർത്തനം വളരെ അവതാളത്തിലായിക്കൊണ്ടിരിക്കുകയാണ്. ക്ഷേമനിധി യിൽ പുതിയതായി അംഗങ്ങൾ വരാൻവേണ്ടി തയ്യാറാകാത്ത സ്ഥിതിയാ ണുള്ളത്. സ്വർണ്ണ മേഖലയിൽ പണിയെടുത്തുകൊണ്ടിരിക്കുന്ന ഏകദേശം ഒരു ലക്ഷത്തോളം തൊഴിലാളികൾ ഇതിൽ അംഗങ്ങളാകേണ്ടതുണ്ട്. ഇപ്പോൾ പന്ത്രണ്ടായിരത്തിൽപ്പരം ആളുകളാണ് ക്ഷേമനിധിയിൽ അംഗങ്ങളാ യിരിക്കുന്നത്. ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണമെങ്കിൽ വ്യാപാരികളിൽനിന്നും വിൽപ്പനയിനത്തിൽ കിട്ടുന്ന തുകയിൽനിന്നും കാൽ ശതമാനം സെസ്സ് പിരിക്കേണ്ടതുണ്ട്. അത്രയും സെസ്സ് പിരിക്കാൻ കഴിയില്ലാ യെന്നുള്ള ന്യായം പറഞ്ഞുകൊണ്ടാണ് അതിന്റെ പ്രവർത്തനം ഇപ്പോൾ മുമ്പോട്ടുപോകാൻ തടസ്സമായി നിൽക്കുന്നത്. സെസ്സ് പിരിക്കാനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകേണ്ടതുണ്ട്. അല്ലെങ്കിൽ ക്ഷേമനിധി പ്രവർത്തനം തകർന്നുപോകുന്ന സ്ഥിതിയായിരിക്കും. ക്ഷേമനിധി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വ്യാപാരികളിൽനിന്ന് സെസ്സ് പിരിക്കു ന്നതിനും ഗവൺമെന്റ് അടിയന്തരമായി ഇടപെടണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോൺ): സർ, ബഹുമാനപ്പെട്ട ശ്രീ. കെ. രാധാകൃഷ്ണൻ സൂചിപ്പിച്ച വിഷയം വസ്തുതാപരമാണ്. ആ ക്ഷേമനിധി ബോർഡ് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നുള്ളത് വസ്തുതയാണ്. 2009 ആഗസ്റ്റ് 1-നാണ് വിജ്ഞാപനം പുറപ്പെടുവിച്ചത്. അതിനുശേഷമാണ് ബോർഡിന് രൂപം കൊടുത്തത്. പക്ഷേ നിർഭാഗ്യവശാൽ ബോർഡ് രൂപീകരിച്ച ആദ്യത്തെ ബോർഡ് മീറ്റിംഗിൽത്തന്നെ നിയമത്തിന്റെ പോരായ്മ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ഒരു പരാതിയാണ് അവിടെ ഉന്നയിക്കപ്പെട്ടത്. നിയമത്തിന്റെ ഉദ്ദേശം 0.25 ശതമാനം കളക്ട് ചെയ്യണമെന്നാണെങ്കിൽപ്പോലും, സെയിൽ പ്രൊസീഡ്സിന്റെ 0.25 ശതമാനം കളക്ട് ചെയ്യണമെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ഡെഫനിഷനിലേക്ക് പോകുമ്പോൾ സെയിൽ പ്രൊസീഡ്സ് എന്നുപറയുന്നത് വാങ്ങുന്നതിന്റെ.....Sale proceeds meaning value of buying and selling of gold എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ 0.25 എന്നുള്ളത് വാങ്ങിക്കുകയും വിൽക്കുകയും ചെയ്യുന്ന പോയിന്റ് എന്നുള്ള നിലയിൽ അര ശതമാനം കളക്ട് ചെയ്യണമെന്നുള്ള നിലയിലേക്ക് വന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതിനെക്കുറിച്ച് പരാതി ലഭിച്ചു; ഇത് ബോർഡ് പരിശോധിക്കാൻ ആവശ്യപ്പെട്ടു. ബോർഡ് അത് പരിശോധിച്ചുകൊണ്ട് 12-03-2012-ൽ അത് വേണ്ട, അത് തെറ്റാണ് സെയിലിന്റെ മാത്രം 0.25 ശതമാനം കളക്ട് ചെയ്താൽ മതി എന്ന ഒരു നിർദ്ദേശം ഗവൺമെന്റിന് സമർപ്പിക്കുകയുണ്ടായി. ഗവൺമെന്റും ആ നിലയിൽത്തന്നെ പോസിറ്റീവായി കണ്ടു. നിയമ വകുപ്പ്, ഫിനാൻസ് വകുപ്പ്, നികുതി വകുപ്പിന്റെയൊക്കെ അഭിപ്രായങ്ങൾ ആരാഞ്ഞു. നിയമം

ഭേദഗതി ചെയ്തുകൊണ്ട് 0.25 ശതമാനം ആക്കണമെന്നാണ് നിയമ വകുപ്പിന്റെ അഭിപ്രായം തന്നിരിക്കുന്നത്. നിയമം ഭേദഗതി ചെയ്യാതെ ഒന്നും പ്രൊസീഡ് ചെയ്യാൻ സാധിക്കുന്ന ഒരു അവസ്ഥയല്ല. ഇതിനിടയിൽത്തന്നെ ബോർഡിനെക്കൊണ്ട് തങ്ങളുടെ സ്ഥാപനങ്ങളിലെ വ്യാപാരികൾക്ക് നോട്ടീസ് കൊടുത്തെങ്കിലും നിയമതർക്കം നടക്കുന്നതുകൊണ്ട് അത് പ്രാബല്യത്തിൽ കൊണ്ടുവരാൻ ചില ബുദ്ധിമുട്ടുകൾ വന്നിട്ടുണ്ട്. നോട്ടീസ് കിട്ടി അവർ കോടതിയെ സമീപിച്ചിട്ടുണ്ട്. കോടതിയുടെ സ്റ്റേയൊന്നുമില്ല. നിയമ ഭേദഗതി ഗവൺമെന്റിന്റെ പരിഗണനയിലാണ്. കാലതാമസം സ്വാഭാവികമായും സംഭവിക്കുന്നതാണ്. നിയമ ഭേദഗതി കൊണ്ടുവന്ന് അത് ചെയ്യും. മറ്റൊരു കാര്യം ആലോചിക്കേണ്ടത്, ശ്രീ. കെ. രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ ഇതിൽ ആകെ പന്ത്രണ്ടായിരം തൊഴിലാളികളാണ് ക്ഷേമനിധിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കേരളത്തിൽ നടത്തിയ ഒരു ഏകദേശ കണക്കെടുപ്പിൽ ഇരുപതിനായിരത്തിൽകൂടുതൽ തൊഴിലാളികൾ ഇല്ലെന്നുള്ളതാണ് ഞങ്ങൾ കണ്ടെത്തിയത്. 20,000 തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി പ്രവർത്തിക്കുമ്പോൾ അതിന്റെ കാര്യക്ഷമത എങ്ങനെയാകുമെന്നുള്ളതിനെക്കുറിച്ച് എനിക്ക് എന്റേതായിട്ടുള്ള സംശയമുണ്ട്. ഇപ്പോൾ ഒരു റീ-ഓർഗനൈസേഷൻ, ചെറിയ ബോർഡുകളെല്ലാം സംയോജിപ്പിച്ച് അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി ആക്റ്റിന്റെ കീഴിൽ കൊണ്ടുവന്ന് ശക്തിപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഈ നിയമഭേദഗതി കൊണ്ടുവരികയും അതോടൊപ്പംതന്നെ ഇത്തരം ചെറിയ ബോർഡുകൾ സംയോജിപ്പിച്ചുകൊണ്ടുള്ള ചെലവ് ചുരുക്കൽ പദ്ധതി കൂടെ നടപ്പിലാക്കിക്കഴിയുമ്പോൾ കുറെക്കൂടി കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിക്കും. നിലവിലെ അവസ്ഥയിൽ നിയമഭേദഗതി വരുന്നിടംവരെ ഒന്നും ചെയ്യാൻ സാധിക്കാത്ത

ഒരവസ്ഥയാണ്. അതുകൊണ്ടാണ് ഇങ്ങനെയൊരു സ്ഥിതിവിശേഷമുണ്ടായിരിക്കുന്നത്.

## (13) ഡോ. പി.എൻ. ശങ്കരൻ കമ്മീഷൻ പ്രവർത്തനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ

ശ്രീ. റ്റി.എൻ. പ്രതാപൻ: സർ, നമ്മുടെ സമൂഹത്തിലെ ഏറ്റവും ദുർബല സമൂഹങ്ങൾക്കുവേണ്ടി ഈ ഗവൺമെന്റ് എടുക്കുന്ന എല്ലാ താൽപ്പര്യങ്ങളേയും പ്രത്യേകം അഭിനന്ദിക്കുകയാണ്. പിന്നോക്ക ജനവിഭാഗങ്ങളുടെ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രത്യേകമായ പിന്നോക്ക വകുപ്പ് രൂപീകരിച്ചു, അതിന് കമ്മീഷനുണ്ടാക്കി. അത്തരത്തിൽ വിവിധ ഘട്ടങ്ങളിലായി ദുർബലരെയും പിന്നോക്ക ജനവിഭാഗങ്ങളെയും സഹായിക്കാൻ വേണ്ടിയുള്ള നിരവധി സ്കീമുകൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇരുമ്പ് പണി, മരപ്പണി, വാർക്കപ്പണി, കൽപ്പണി, സ്വർണ്ണപ്പണി എന്നീ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന വിശ്വകർമ്മ തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനുവേണ്ടിയും അവ പരിഹരിക്കുന്നതിനുവേണ്ടിയും ഒരു ഏകാംഗ കമ്മീഷനെ നിയമിച്ചിട്ടുണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി മുൻകൈ എടുത്തുകൊണ്ടാണ് അത്തരത്തിൽ ഒരു ഏകാംഗ കമ്മീഷനെ നിയമിച്ചത്. ഈ കമ്മീഷന്റെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇതുവരെ നൽകിയിട്ടില്ല. അതുകൊണ്ട് പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രിയോട് ഒരു അഭ്യർത്ഥന ഈ കമ്മീഷന്റെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ, ഓഫീസ്, ജീവനക്കാർ അവയെല്ലാം നൽകിയാൽ മാത്രമേ ഇവരുടെ അടിസ്ഥാന സൗകര്യങ്ങളുണ്ടാ

ക്കാൻ സാധിക്കുകയുള്ളൂ. ആ റിപ്പോർട്ട് സമയബന്ധിതമായി ഗവൺമെന്റിന് സമർപ്പിക്കാനും അതിലൂടെ ആക്ഷൻ ടേക്കണിലേക്ക് പോകാനുമുള്ള ഇടപെടൽ വേണം. വിശ്വകർമ്മജരായ ആളുകളുടെ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യാനായി രൂപീകരിച്ച ഏകാംഗ കമ്മീഷന്റെ അടിസ്ഥാന സൗകര്യങ്ങൾ കൂടി അടിന്തരമായി നൽകാൻ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകമായും താൽപ്പര്യമെടുക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം റ്റി. എൻ. പ്രതാപൻ ഇവിടെ സൂചിപ്പിച്ച, കേരളത്തിലെ വിശ്വകർമ്മജരുടെ സാമൂഹ്യക്ഷേമ കാര്യങ്ങളിൽ ഗവൺമെന്റ് വളരെയേറെ താൽപര്യം പ്രകടിപ്പിക്കുന്നതുകൊണ്ടാണ് ഇക്കഴിഞ്ഞ ബഡ്ജറ്റിൽ ധനകാര്യ വകുപ്പു മന്ത്രി വിശ്വകർമ്മജർക്ക് പുതിയ പെൻഷൻ പദ്ധതി ആവിഷ്ക്കരിച്ചത്. അതിനുപുറമേയാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച പ്രത്യേക കമ്മീഷനെവച്ചിരിക്കുന്നത്. 18-10-2012-ലെ ജി.ഒ. പ്രകാരമാണ് ഇരുമ്പുപണി, മരപ്പണി, വാർക്കപ്പണി, കൽപ്പണി, സ്വർണ്ണപ്പണി എന്നീ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെടുന്ന വിശ്വകർമ്മത്തൊഴിലാളികളുടെ പ്രശ്നം ശാസ്ത്രീയമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോ. പി. എൻ. ശങ്കരനെ ഏകാംഗ കമ്മിഷനായി നിയമിച്ച് ഉത്തരവായത്. 14-11-2012-ൽ കമ്മിഷൻ ചുതലയേറ്റെടുക്കുകയുണ്ടായി. കമ്മിഷന്റെ പ്രവർത്തനത്തിന് ആവശ്യമായ ഓഫീസ് സൗകര്യം ലഭ്യമാക്കണമെന്ന് പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഡയറക്ട

റേറ്റിന് ആവശ്യമായ സ്ഥലം ലഭ്യമല്ലെന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഈ സാഹചര്യത്തിൽ ശങ്കരൻ കമ്മിഷൻതന്നെ ഓഫീസ് പ്രവർത്തിക്കുന്നത് അനുയോജ്യമായ ഒരു വീട് വാടകയ്ക്കെടുക്കുന്നതിന് കണ്ടെത്തുകയും അതിന് പ്രതിമാസം 12,000 രൂപ നിരക്കിൽ വാടകയും പലിശരഹിത ഡിപ്പോസിറ്റായ 50,000 രൂപയും നൽകേണ്ടതുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഈ കാര്യം അനുഭാവപൂർവ്വം പരിഗണിച്ചുകൊണ്ട് കമ്മിഷന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഓഫീസ്, സ്റ്റാഫ്, ഫർണിച്ചർ തുടങ്ങിയവ ഉടൻതന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ഇതുസംബന്ധിച്ച ഉത്തരവ് ഉടൻതന്നെ പുറപ്പെടുവിക്കുന്നതാണ്. ഞാൻ ആമുഖമായി സൂചിപ്പിച്ചതുപോലെ കേരളത്തിലെ വിശ്വകർമ്മജരുടേതായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ കമ്മീഷൻ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സത്വരനടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

## (14) തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾക്ക് നേരെയുണ്ടായ പോലീസ് മർദ്ദനം

ശ്രീ. വി. ശിവൻകുട്ടി: സർ, ഇന്നലെ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ പോലീസ്, പ്രിൻസിപ്പലിന്റെ അനുവാദമില്ലാതെ കയറി വിദ്ധ്യാർത്ഥികളെ മർദ്ദിച്ചതുമായി ബന്ധപ്പെട്ടുള്ള പ്രശ്നമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അവിടെ ഇന്നലെ പ്രൊഫഷണൽ കോളേജിലുള്ള വിദ്ധ്യാർത്ഥികൾ കെ.എസ്.യു.-ന്റെ നേതൃത്വത്തിൽ

ഡെമോ ഡേ ആഘോഷിക്കുകയായിരുന്നു. സ്വാഭാവികമായും അവിടെ എസ്.എഫ്.ഐ.-യും കെ.എസ്.യു.-വും തമ്മിൽ പ്രശ്നമുണ്ടായി. പ്രശ്ന മുണ്ടായതിനെത്തുടർന്ന് പുറത്തുനിന്നുവന്ന ആൾക്കാരെ അവിടുത്തെ വിദ്ധ്യാർത്ഥികൾ മുറിയിൽ പൂട്ടിയിടുകയും പോലീസിനെ വിവരമറിയി ക്കുകയും ചെയ്തു. പോലീസ് അക്രമികളായ, മുറിയിൽ പൂട്ടിയിട്ടവരെ അറസ്റ്റ് ചെയ്ത് കൊണ്ടുപോകുന്നതിനുപകരം അവിടെ കൂടിനിന്ന വിദ്ധ്യാർത്ഥികളെ ലാത്തിച്ചാർജ്ജ് ചെയ്യുകയാണ് ചെയ്തത്. വളരെ ക്രൂരമായാണ് മർദ്ദിച്ചത്. ആറ് എസ്.എഫ്.ഐ. പ്രവർത്തകർക്ക് പരിക്കുപറ്റി. അവർ ഇന്റൻസീവ് കെയർ യൂണിറ്റിൽ കഴിയുകയാണ്. തുടർന്ന് കേരള യൂണിവേഴ്സിറ്റി യൂണിയന്റെ ജനറൽ സെക്രട്ടറിയടക്കമുള്ള പന്ത്രണ്ടോളം എസ്.എഫ്.ഐ.-ക്കാരെ പോലീസ് അറസ്റ്റുചെയ്ത് നന്ദാവനം ക്യാമ്പിൽ കൊണ്ടുപോയി. അവിടെയും പോലീസ് വളരെ ഭീകരമായി മർദ്ദിച്ചു. സർക്കിൾ ഇൻസ്പെക്ടറായിരുന്ന നാസറുദ്ദീനെ അങ്ങേക്ക് അറിയാ മായിരിക്കും. വിളപ്പിൽ ക്ഷേത്രത്തിൽ ഉൽസവവുമായി ബന്ധപ്പെട്ട് വലിയ കുഴപ്പം കാണിച്ചതിന്റെ അടിസ്ഥാനത്തിൽ അവിടെനിന്ന് അയാളെ ട്രാൻസ്ഫർ ചെയ്ത് ഏറ്റവും സെൻസിറ്റീവായ മെഡിക്കൽ കോളേജ് സ്റ്റേഷനിൽ സർക്കിൾ ഇൻസ്പെക്ടറായി നിയമിച്ചിരിക്കുകയാണ്. ഈ സർക്കിൾ ഇൻസ്പെക്ടർ നാസറുദ്ദീന്റെ നേതൃത്വത്തിലാണ് അവിടെ മർദ്ദനം നടന്നത്. ഇത് വളരെ പൈശാചികമായിട്ടുള്ള മർദ്ദനമാണ്. അങ്ങ് ഇതിനെ സംബന്ധിച്ച് അന്വേഷിക്കണം. അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, തിരുവനന്തപുരം എഞ്ചിനീയറിംഗ്

കോളേജ് നമ്മുടെ ഏറ്റവും നല്ല സെന്റർ ഓഫ് എക്സലൻസാണ്. അവിടെ അക്രമപ്രവർത്തനത്തിനതീതമായി വിദ്യാഭ്യാസ സ്ഥാപനം കൊണ്ടുപോകുന്ന തിനുള്ള പരിശ്രമമാണ് എല്ലാ വിഭാഗവും ചെയ്യേണ്ടതെന്നാണ് എന്റെ വ്യക്തി പരമായ പക്ഷം. ഇവിടെ ശ്രീ. വി. ശിവൻകുട്ടി സൂചിപ്പിച്ച ശ്രീകാര്യത്തെ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ തെരഞ്ഞെടുപ്പ് നടന്നു. തെരഞ്ഞെ ടുപ്പിൽ കെ.എസ്.യു. ജയിച്ചു. അതിനെത്തുടർന്ന് ഇന്നലെ 08–04–2013–ന് ഉച്ചയ്ക്ക് 12 മണി മുതൽ ഒരുമണിവരെ വിജയാഹ്ലാദപ്രകടനം നടത്തി. ആഹ്ലാദപ്രകടനത്തിനെതിരായി എസ്.എഫ്.ഐ. പ്രവർത്തകർ ചോദ്യം ചെയ്തു. തുടർന്ന് എസ്.എഫ്.ഐ. പ്രവർത്തകരും കെ.എസ്.യു. പ്രവർത്ത കരും തമ്മിൽ കല്ലേറും അടിയുമുണ്ടായി. അതിനെത്തുടർന്ന് കെ.എസ്.യു. പ്രവർത്തകർ ഓടി യൂണിയൻ ഓഫീസ്സിൽ കയറി. യൂണിയൻ ഓഫീസ്സി ലേക്ക് കയറിയ കെ.എസ്.യു. പ്രവർത്തകരെ എസ്.എഫ്.ഐ. പ്രവർത്തകർ ഉച്ചയ്ക്ക് ഒന്നരമണിയോടെ യൂണിയൻ ഓഫീസ്സിനകത്ത് പൂട്ടിയിട്ടു. ഇരുപ ത്തിയഞ്ചോളം കെ.എസ്.യു. പ്രവർത്തകരും ഇരുനൂറോളം എസ്.എഫ്.ഐ. പ്രവർത്തകരും പരസ്പരം എറിഞ്ഞു. ചുടുകട്ടയും ഹോക്കി സ്റ്റിക്കും ചെറിയ കമ്പിക്കഷണങ്ങളുമെല്ലാം ഉപയോഗിച്ചാണ് ഏറ് നടത്തിയത്. എസ്.എഫ്. ഐ.–ക്കാർ യൂണിയൻ ഓഫീസ്സിനുനേരെ കല്ലെറിയുകയും കോളേജ് പ്രിൻസിപ്പലിന്റെ മുറിക്ക് സമീപമുള്ള മെക്കാനിക്കൽ ഡിപ്പാർട്ടുമെന്റിന്റെ വാട്ടർ കൂളറും മെയിൻ ബിൽഡിംഗിലെ ജനൽ ഗ്ലാസ്സുകളും അടിച്ചുപൊട്ടിച്ചു. യൂണിയൻ ഓഫീസ്സിനകത്തുനിന്നും കെ.എസ്.യു. പ്രവർത്തകർ ചുടുകല്ല് കഷണമുപയോഗിച്ച് പുറത്തേക്കെറിഞ്ഞു. ഇതാണ് സംഭവം. ഈ കാര്യ ത്തിന് കോളേജ് പ്രിൻസിപ്പൽ ശ്രീ. ഗോപകുമാറിന്റെ പരാതിയുടെ അടിസ്ഥാ

നത്തിൽ കണ്ടാലറിയാവുന്ന ഇരുപത്തിയഞ്ചോളം കെ.എസ്.യു. പ്രവർത്തകരേയും ഇരുനൂറോളം എസ്.എഫ്.ഐ. പ്രവർത്തകരേയും പ്രതിയാക്കി ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 143, 147, 148, 149, പി.ഡി.പി.പി. ആക്ട് 3(1) ഇ എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 464/13 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സിലേക്ക് 24 കെ.എസ്.യു. പ്രവർത്തകരേയും 12 എസ്.എഫ്.ഐ. പ്രവർത്തകരേയും അറസ്റ്റ് ചെയ്തിട്ടുണ്ട്. അതാണ് അവിടെയുണ്ടായത്. തുടർന്ന് കോളേജിലെ കെ.എസ്.യു. യൂണിറ്റ് പ്രസിഡന്റ് അനീഷ് ആന്റണിയും മറ്റ് കെ.എസ്.യു. പ്രവർത്തകരുമായി യൂണിയൻ ഓഫീസ്സിലിരിക്കവെ എസ്.എഫ്.ഐ. പ്രവർത്തകരായ ജയ്ഷാൽ, ക്രിസ്, ഹുസൈൻ, സായൂജ്, അശ്വിൻ, റെനിത്, മിഥുൻലാൽ, ജിൻസ് കെ. ഉമ്മൻ എന്നിവരും മറ്റ് കണ്ടാലറിയാവുന്ന 198-ഓളം പേരും ചേർന്ന് അവരെ ദേഹോപദ്രവമേൽപ്പിച്ചതിന് അനീഷ് ആന്റണിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഐ.പി.സി. 147, 148, 149, 294 (ബി), 324, 308 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 465/2013 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സിലേക്ക് 12 എസ്.എഫ്.ഐ. പ്രവർത്തകരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കോളേജിൽ സംഘട്ടനം നടന്ന വിവരമറിഞ്ഞ് ശ്രീകാര്യം പോലീസ് സ്റ്റേഷനിലെ ഗ്രേഡ് എ.എസ്.ഐ. സുകുമാരൻ നായർ, അവിടുത്തെ എസ്.ഇ.പി.ഒ. ടി.1214 വിജയകുമാർ എന്നിവർ കോളേജിലെത്തി അതിൽ ഇടപെട്ടപ്പോൾ അവരെ അൻപതോളം എസ്.എഫ്.ഐ. പ്രവർത്തകർ ചേർന്ന് കല്ലുകളും കമ്പികളുമുപയോഗിച്ച് ആക്രമിച്ച് പരിക്കേൽപ്പിക്കുകയും കെ.എൽ.-01 ബി.ജി.2219-ാം നമ്പർ പോലീസ് ജീപ്പിന് കേടുവരുത്തുകയും

ചെയ്തു. ഇക്കാര്യത്തിന് അൻപതോളം എസ്.എഫ്.ഐ. പ്രവർത്തകർക്കെതിരെ ഐ.പി.സി. 144, 147, 148, 149, 234, 332, പി.ഡി.പി.പി. ആക്ട് സെക്ഷൻ 3(1)ഇ എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 466/13 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് ജീപ്പിന് കേടുവരുത്തിയതിൽ 2,00,000 രൂപയുടെ നഷ്ടമുണ്ടായി. ഈ കേസ്സിലേയ്ക്ക് 12 എസ്.എഫ്.ഐ. പ്രവർത്തകരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഉച്ചയ്ക്ക് ഒന്നേമുക്കാൽമണിയോടെ കോളേജിലെ എസ്.എഫ്.ഐ. അനുഭാവിയായ സജിയെ കെ.എസ്.യു. പ്രവർത്തകരായ അനീഷ് ആന്റണി, വിനീത്, അഖിലേഷ്, രാജ്, ദീപക്ക്, നിഖിൽ, **ദിവാകർ** എന്നിവരും കണ്ടാലറിയാവുന്ന അഞ്ചോളംപേരും ചേർന്ന് കല്ലെറിയുകയും ഹോക്കി സ്റ്റിക്കും സൈക്കിൾ ചെയിനുംകൊണ്ട് ആക്രമിച്ച് പരിക്കേൽപ്പിക്കുകയും ചെയ്തു. ഇക്കാര്യത്തിനും 143, 147, 148, 149, 324, 308 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 467/2013 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സിലേക്ക് 5 കെ.എസ്.യു. പ്രവർത്തകരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇതാണ് അവിടെയുണ്ടായിട്ടുള്ള സംഭവം. മേൽപ്പറഞ്ഞ കേസ്സുകൾക്ക് അറസ്റ്റ് ചെയ്ത കുറേപ്പേർ നാലുകേസ്സുകളിലും പൊതുവായിട്ടുള്ളവരാണ്. ഈ നാല് കേസ്സുകളിലുമായി 21 കെ.എസ്.യു. പ്രവർത്തകരേയും 12 എസ്.എഫ്.ഐ. പ്രവർത്തകരേയും അറസ്റ്റ് ചെയ്തിട്ട് ബഹുമാനപ്പെട്ട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കി അവരെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തിട്ടുണ്ട്. കോളേജിലുണ്ടായ അക്രമത്തിൽ പരിക്കുപറ്റിയ ആറ് എസ്.എഫ്.ഐ. പ്രവർത്തകരേയും രണ്ട് പോലീസ് ഉദ്യോഗസ്ഥൻമാരേയും തിരുവനന്തപുരം മെഡിക്കൽ കോളേജിലും നാല്

കെ.എസ്.യു. പ്രവർത്തരെ തിരുവനന്തപുരം ജനറൽ ആശുപത്രിയിലും പ്രവേശിപ്പിച്ചു. പ്രാഥമിക ചികിത്സ കഴിഞ്ഞ് പരിക്കേറ്റ വിദ്ധ്യാർത്ഥികളെല്ലാം തന്നെ ആശുപത്രി വിട്ടുപോയിട്ടുണ്ട്. കോളേജിനുള്ളിൽ കെ.എസ്.യു., എസ്.എഫ്.ഐ. സംഘട്ടനം നടന്ന സമയം മെഡിക്കൽ കോളേജ് സി.ഐ.-യുടെ നേതൃത്വത്തിൽ പോലീസ് ലാത്തിവീശി അക്രമാസക്തമായ വിദ്ധ്യാർത്ഥികളെ അവിടെനിന്ന് പിരിച്ചുവിട്ടു. പോലീസ് ലാത്തി വീശിയതിൽ വിദ്ധ്യാർത്ഥികളിൽ ആർക്കും പരിക്കേറ്റതായി വിവരം ലഭിച്ചിട്ടില്ല. അറസ്റ്റ് ചെയ്ത കെ.എസ്.യു., എസ്.എഫ്.ഐ. വിദ്ധ്യാർത്ഥികളെ നന്ദാവനം എ.ആർ. ക്യാമ്പിലേക്ക് ആദ്യം നീക്കം ചെയ്തിരുന്നു. നീക്കം ചെയ്ത വിദ്യാർത്ഥികളെ പോലീസ് ഉപദ്രവിച്ചിട്ടില്ല. രാഷ്ട്രീയ വൈരാഗ്യംമൂലം എസ്.എഫ്.ഐ., കെ.എസ്.യു. പ്രവർത്തകർ തമ്മിൽ പലപ്പോഴും കോളേജിൽ സംഘട്ടനം നടക്കാറുണ്ട്. ഇങ്ങനെ ഇതിനുമുമ്പ് 2009-ലും 2010-ലുമൊക്കെ സംഘട്ടനം നടന്നിട്ടുണ്ടെന്നാണ് എനിക്ക് കിട്ടിയിട്ടുള്ള ഔദ്യോഗികമായ അറിയിപ്പ്. ഇതിനകത്ത്...........

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഒരു കാര്യം പറയാനുണ്ട്. ....(ബഹളം).....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: എന്താണ് ഇത് ......(ബഹളം)...... പ്ലീസ്.... പ്ലീസ്... ......(ബഹളം)...... ബഹുമാനപ്പെട്ട മിനിസ്റ്റർ വഴങ്ങിയതുകൊണ്ടാണ് ചോദ്യം ചോദിക്കുന്നത്. ......(ബഹളം)...... യെസ്... യെസ്.... പ്ലീസ് ചോദിക്കൂ.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: ..... പതിനൊന്ന് കെ.എസ്.യു. പ്രവർത്തകരെ ....(ബഹളം)...... അവരെ എന്തിനാണ് റിമാന്റ് ചെയ്യുന്നത്. പിന്നെ അവിടെ പന്ത്രണ്ട് എസ്.എഫ്.ഐ.ക്കാരെ അറസ്റ്റ് ചെയ്തെന്ന് പറഞ്ഞു. അതിൽ മൂന്നാളുകൾ പുറമേ നിന്നുള്ളവരാണ്. .....(ബഹളം).....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: എന്തിനാണ് ഇങ്ങനെ ബഹളം വയ്ക്കുന്നത്. .....(ബഹളം)..... ബഹുമാനപ്പെട്ട വി. ശിവൻകുട്ടി വളരെ സമയമെടുത്ത് ഒരു സബ്മിഷൻ അവതരിപ്പിച്ചു. അതിന് ഏതാണ്ട് ആറു മിനിട്ടോളമെടുത്ത് വളരെ വിശദമായ മറുപടിയാണ് ഹോം മിനിസ്റ്റർ പറഞ്ഞത്. .....(ബഹളം).... പറയട്ടെ, അവിടെ നിന്ന് അവതരിപ്പിച്ച ഒരു സബ്മിഷന് ഇത്രയും വിശദമായി മറുപടി പറയുമ്പോൾ നിങ്ങൾ തന്നെ ബഹളമുണ്ടാക്കിയാൽ....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇന്ന് രാവിലെയാണ് എനിക്ക് ഈ സബ്മിഷനെക്കുറിച്ചുള്ള നോട്ടീസ് കിട്ടിയത്. വേണമെങ്കിൽ ഇതിന് മറുപടി പറയാതെ എനിക്ക് മാറാമായിരുന്നു. ശ്രീ. വി. ശിവൻകുട്ടി എന്നോട് വ്യക്തിപരമായി ഇക്കാര്യം പറഞ്ഞു. സ്പീക്കറുടെ ഓഫീസിൽനിന്ന് ഇങ്ങനെ ഇത് അനുവദിക്കാമോ എന്ന് എന്നോട് ചോദിക്കുകയും ചെയ്തു. പക്ഷേ ഇതുപോലൊരു കാര്യം മറച്ചുവച്ചുകൊണ്ട് പോകുന്നത് ശരിയല്ല. അത് സഭ അറിയട്ടെ. ഇവിടെ രണ്ടുവശത്തുനിന്നും മൂന്നു പ്രധാനപ്പെട്ട സംഭവങ്ങൾ അവിടെയുണ്ടായി. ഒന്ന്, കോളേജ് യൂണിയനിലുണ്ടായ തെരഞ്ഞെടുപ്പ്, അതിനുശേഷമുള്ള ആഹ്ലാദപ്രകടനം, അതിനെ തുടർന്നുള്ള അക്രമപ്രവർത്തനങ്ങൾ. രണ്ട്, പോലീസ് സ്ഥലത്തെത്തിയപ്പോൾ പോലീസിന് എതിരായ നടപടി. മൂന്ന്, എ.ആർ. ക്യാമ്പിൽ ചെന്നപ്പോഴുണ്ടായ നടപടി എന്നുപറഞ്ഞ് അതിനെക്കുറിച്ചുള്ള ആക്ഷേപം. ഈ മൂന്നുസംഭവങ്ങളെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ശ്രീ. വി. ശിവൻകുട്ടിയും പ്രതിപക്ഷത്തുള്ള ആളുകളും ഇപ്പോൾ എന്റെ ചില സ്നേഹിതൻമാരും പറഞ്ഞതനുസരിച്ച് .....(ബഹളം).... ഒരു വാക്ക് പറഞ്ഞു തീർക്കട്ടെ. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം, സത്യം പുറത്തുവരുന്നതിന് ഈ കാര്യത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടക്കണം. അതുകൊണ്ട് സൗത്ത് സോൺ എ.ഡി.ജി.പി. ശ്രീ. ഹേമചന്ദ്രനെ

ഇതുമുഴുവൻ അന്വേഷിക്കുന്നതിനുവേണ്ടി ചുമതലപ്പെടുത്തിയിരിക്കുകയാണ്. അന്വേഷണ റിപ്പോർട്ട് വന്നാൽ നടപടിയെടുക്കുന്നതാണ്.

## (15) ഓരുവെള്ളം കയറി കൃഷി നശിച്ചവർക്ക് നഷ്ടപരിഹാരം

ശ്രീ. കെ. അജിത്: സർ, ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് ഞാൻ ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. ഓരുവെള്ളം കയറിയതുമൂലം ഇപ്രാവശ്യം വൈക്കം താലൂക്കിലെ ഏതാണ്ട് പതിനായിരത്തോളം ഏക്കർ പ്രദേശത്തെ നെൽക്കൃഷിക്ക് വലിയ നാശം സംഭവിച്ചിരിക്കുകയാണ്. കർഷകരാകെ നഷ്ടത്തിലും ആശങ്കയിലുമാണ്. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി സ്ഥലം സന്ദർശിക്കുകയും ഇറിഗേഷൻ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ യോഗം വിളിച്ചുകൂട്ടുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതുവഴി പാസ്സ് ചെയ്യുന്ന സമയത്ത് കൃഷി നഷ്ടപ്പെട്ട കർഷകരുടെ ബുദ്ധിമുട്ട് നേരിൽ മനസ്സിലാക്കുന്നതിനായി അവിടെ കയറാമെന്ന് സൂചിപ്പിച്ചിരുന്നതാണ്. പക്ഷേ അവിടെ വന്നില്ല. ഈ വിഷയം ക്യാബിനറ്റിൽ കൊണ്ടുവരുമെന്ന് മന്ത്രിമാരെല്ലാവരുംതന്നെ കർഷകരെ ധരിപ്പിക്കുകയുണ്ടായി. പക്ഷേ, ഇക്കാര്യം ക്യാബിനറ്റിൽ വരികയോ ആവശ്യമായ സഹായങ്ങൾ കർഷകർക്ക് ലഭ്യമാക്കുകയോ ചെയ്തില്ല. ഞങ്ങളുടെ പ്രദേശത്താകമാനം കടുത്ത വേനലിൽ നെൽപ്പാടങ്ങൾ കത്തി നശിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ നശിച്ചുകഴിഞ്ഞാൽ സഹായം ലഭ്യമല്ല എന്നുള്ളതാണ് കൃഷി വകുപ്പിന്റെ നിലപാട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സഖാവ് മുല്ലക്കര രത്നാകരൻ കൃഷി വകുപ്പുമന്ത്രിയായിരുന്ന സമയത്ത് എന്റെ നിയോജകമണ്ഡലത്തിലെ തലയോലപറമ്പ് ഗ്രാമപഞ്ചായത്തിൽ നെല്ല് കരിഞ്ഞുണങ്ങിയ

സമയത്ത് അദ്ദേഹം അവിടെ നേരിട്ടുവരികയും അടുത്ത ക്യാബിനറ്റിൽ അത് അവതരിപ്പിച്ചുകൊണ്ട് കർഷകർക്ക് ഹെക്ടറിന് 10000 രൂപ വച്ച് ആശ്വാസ ധനം പ്രഖ്യാപിക്കുകയും ചെയ്തു. പ്രതിപക്ഷ നേതാവായിരുന്ന ഇന്നത്തെ മുഖ്യമന്ത്രി അന്ന് സ്ഥലം സന്ദർശിച്ചിരുന്നതാണ്. പക്ഷേ, ഇപ്പോൾ അതു പോലെയൊരു അവസ്ഥയുണ്ടായിട്ടും മുഖ്യമന്ത്രി സ്ഥലം സന്ദർശിക്കുന്നതിന് തയ്യാറായിട്ടില്ല. 14/3/2013-ൽ ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി സ്ഥലം സന്ദർശിച്ചപ്പോൾ കൃഷി നശിച്ച കർഷകരുടെ നെല്ല് കാലിത്തീറ്റ ഉണ്ടാക്കുന്ന തിനുവേണ്ടി ഗവൺമെന്റിന് സ്വാധീനമുള്ള ഏജൻസികളെകൊണ്ട് എടുപ്പിക്കുന്നതിന് ആവശ്യമായ നടപടികളുണ്ടാകുമെന്ന് സൂചിപ്പിച്ചിരു ന്നതാണ്. പക്ഷേ ഇതുവരെയും അങ്ങനെയൊരു ഏജൻസി രംഗത്തു വരികയോ കർഷകരുടെ നെല്ല് എടുക്കുകയോ ചെയ്തിട്ടില്ല. ഒരുമാസക്കാല മായിട്ടും ഈ വിഷയം ക്യാബിനറ്റിൽ വരികയോ കർഷകർക്ക് ആശ്വാസ നടപടികളുണ്ടാകുകയോ ചെയ്തിട്ടില്ല. തീർച്ചയായും ഇത് കർഷകരിൽ വലിയ നിരാശയുണ്ടാക്കിയിരിക്കുകയാണ്. വൈക്കം, കടുത്തുരുത്തി, ഏറ്റു മാനൂർ പ്രദേശങ്ങളിലെ കർഷകർ കൂട്ടമായി നാളെ മുഖ്യമന്ത്രിയെ കാണുന്ന തിനായി തീരുമാനിച്ചിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റ് ഹെക്ടറിന് 10000 രൂപ വച്ച് നൽകിയിരുന്നതാണ്. ഇപ്പോൾ കാർഷികമേഖലയിലുണ്ടായ ബുദ്ധിമുട്ട് പരിഗണിച്ചുകൊണ്ട് ഹെക്ടറിന് 25000 രൂപയെങ്കിലും വച്ച് നഷ്ട പരിഹാരം കൊടുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, വളരെയധികം ഗൗരവമുള്ള പ്രശ്നമാണ്

ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. വൈക്കം നിയോജക മണ്ഡലത്തിൽ വരൾച്ചമൂലവും ഉപ്പുവെള്ളം കയറിയതുമൂലവും വെച്ചൂർ, തലയാഴം, ഉദയനാപുരം, ചെമ്പ്, ടി.വി.പുരം എന്നീ പഞ്ചായത്തുകളിൽ വ്യാപകമായ കൃഷിനാശം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ പഞ്ചായത്തുകളിൽ ആകെ 1391 ഹെക്ടർ പ്രദേശത്ത് നെൽക്കൃഷി നശിച്ചതായി കാണുന്നു. മേൽപ്പറഞ്ഞ പഞ്ചായത്തുകൾ കൂടാതെ മറവൻതുരുത്ത് പഞ്ചായത്തിലെയും വൈക്കം മുനിസിപ്പാലിറ്റിയിലെയും പ്രദേശങ്ങൾ ഉൾപ്പെടെ ആകെ 40 ഹെക്ടറിലെ വാഴ, ആറ് ഹെക്ടറിലെ പച്ചക്കറി, ഒരു ഹെക്ടറിലെ ജാതി, മൂന്ന് ഹെക്ടറിലെ തെങ്ങ് എന്നിവയ്ക്കും നാശനഷ്ടമുണ്ടായതായി കണക്കാക്കുന്നു. കൃഷിനാശത്തിന്റെയും അതുവഴിയുണ്ടായ നഷ്ടത്തിന്റെയും കണക്കുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. ഓരുവെള്ളം കയറി നെൽക്കൃഷി നശിച്ചവർക്ക് വീണ്ടും കൃഷിയിറക്കുന്നതിന് ധനസഹായം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണമാണ് ഞാൻ ആ സ്ഥലം സന്ദർശിച്ചത്. കർഷകർ ആവശ്യപ്പെട്ടതുപ്രകാരം വീണ്ടും കൃഷിയിറക്കുന്നതിനുള്ള വിത്ത് സൗജന്യമായി നൽകാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. 13-ാം തീയതിയ്ക്കകം വിത്തുകൾ അവർക്ക് ലഭ്യമാക്കുന്നതാണ്. ഈ നെല്ല് അരിയാക്കാൻ പറ്റില്ല. പക്ഷേ നഷ്ടത്തിലാണെങ്കിൽപ്പോലും കേരള ഫീഡ്സിനെകൊണ്ട് അത് എടുപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നാളെയും മറ്റന്നാളും കൊണ്ട് അതെടുത്തു തീർക്കുന്നതാണ്. വരൾച്ചമൂലം കൃഷി നശിച്ചവർക്ക് പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് നൽകുന്ന ധനസഹായം അനുവദിക്കുന്നതിന് കൃഷിഭവൻ മുഖേന അപേക്ഷ സ്വീകരിച്ചുവരുന്നു.

## (16) റേഷൻ വിതരണത്തിലെ അശാസ്ത്രീയത

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ബി.പി.എൽ./എ.പി.എൽ. കുടുംബങ്ങൾക്ക് ഒരു രൂപയും രണ്ടു രൂപയും നിരക്കിൽ അരി നൽകുന്ന അശാസ്ത്രീയമായ രീതി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നുള്ള താണ് ഈ സബ്മിഷൻ കൊണ്ട് ഞാനുദ്ദേശിക്കുന്നത്. ബി.പി.എൽ. കാർഡുടമകൾക്ക് മാസം 25 കിലോ അരി ഒരു രൂപ നിരക്കിൽ ഇപ്പോൾ നൽകുന്നുണ്ട്. അതുപോലെ എ.പി.എൽ. കാർഡുടമകൾക്ക് രണ്ടു രൂപ നിരക്കിൽ പത്തുകിലോ അരിയും നൽകുന്നുണ്ട്. ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ റേഷൻ കാർഡ് ബി.പി.എൽ. അല്ലാത്തതുമായ കുടുംബത്തിന് കാർഡ് ഒന്നിന് 19 കിലോഗ്രാം അരി 6.20 രൂപ നിരക്കിൽ മാസംതോറും നൽകുന്നുണ്ട്. ഇതിലുള്ള ഒരു അശാസ്ത്രീയത എന്നത് ഒരു കാർഡിൽ കുടുംബാംഗങ്ങളുടെ എണ്ണം പന്ത്രണ്ടായിരിക്കും, ആ കാർഡുടമയ്ക്ക് ഈ നിരക്കിൽ 25 കിലോ അരി ലഭിക്കും. മറ്റൊരു കാർഡിൽ കുടുംബാംഗങ്ങളുടെ എണ്ണം മൂന്നായിരിക്കും. പക്ഷേ, അവർക്കും ഈ നിരക്കിൽ 25 കിലോ അരി ലഭിക്കുന്നുണ്ട്. ഇത് അശാസ്ത്രീയമായ ഒരു രീതിയാണ്. കാർഡിലെ കുടുംബാംഗങ്ങളുടെ എണ്ണം നോക്കി അരി നൽകണ മെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉദ്ദേശിക്കുന്നത്. ശ്രദ്ധേയമായ മറ്റൊരു കാര്യം, ബി.പി.എൽ. കാർഡുടമകൾക്ക് ഇപ്പോൾ പഞ്ചസാര നൽകു ന്നുണ്ട്. 13.50 രൂപ നിരക്കിലാണ് ഒരാൾക്ക് 400 ഗ്രാം വീതം പഞ്ചസാര നൽകുന്നത്. കാർഡ് പ്രകാരമല്ല, കുടുംബത്തിലെ അംഗങ്ങളുടെ എണ്ണ മനുസരിച്ചാണ് അത് നൽകുന്നത്. ഈ രീതി അരി നൽകുന്ന കാര്യത്തിലും

സ്വീകരിക്കണമെന്നാണ് ഈ സബ്മിഷൻവഴി ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രിയോട് എനിക്ക് അപേക്ഷിക്കാനുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, 1997–ൽ ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായം നിലവിൽ വന്നതുമുതലാണ് കാർഡ് അടിസ്ഥാനത്തിൽ അലോട്ട്മെന്റ് വീതിച്ചു തുടങ്ങിയത്. അതിനുമുമ്പു വരെ യൂണിറ്റടിസ്ഥാനത്തിലാണ് റേഷൻ വിഹിതം നൽകിവന്നിരുന്നത്. മുതിർന്ന അംഗങ്ങൾക്ക് ആഴ്ചയിൽ രണ്ട് യൂണിറും കുട്ടികൾക്ക് ഒരു യൂണിറ്റും എന്നതായിരുന്നു കണക്ക്. ഒരു യൂണിറ്റ് ഭക്ഷ്യധാന്യങ്ങളിൽ 1.120 കിലോഗ്രാം അരിയും .840 കിലോഗ്രാം ഗോതമ്പും ഉൾപ്പെട്ടിരുന്നു. 1997 ജൂൺ 1 മുതൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനത്തിന് പകരം ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായം നിലവിൽ വന്നു. തുടർന്ന് ബി. പി.എൽ., എ.പി.എൽ. എന്നിങ്ങനെ രണ്ടു വിഭാഗം കാർഡുകളും നിലവിൽ വന്നു. കേന്ദ്ര സർക്കാരിൽ നിന്നും ഓരോ വിഭാഗത്തിനും ലഭിക്കുന്ന വിഹിതം കാർഡുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് വീതിച്ചു നൽകുന്നത്. ഓരോ അംഗത്തിനും വിഹിതം എന്നതിൽ നിന്ന് ഓരോ കാർഡിനും വിഹിതം എന്ന നിലയിലേയ്ക്ക് മാറ്റിയത് കേന്ദ്ര സർക്കാരിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. കേന്ദ്ര സർക്കാർ തീരുമാനത്തെ പിന്തുടരുകയാണ് സംസ്ഥാനം ചെയ്തുവരുന്നത്. പുതിയ ഭക്ഷ്യസുരക്ഷാ ബില്ലുമായി ബന്ധപ്പെട്ട് ഓരോ അംഗത്തിനും അഞ്ച് കിലോഗ്രാം ഭക്ഷ്യധാന്യങ്ങൾ വീതം നൽകുന്നതിനാണ് പാർലമെന്റ് സ്റ്റാന്റിംഗ് കമ്മിറ്റി ഇപ്പോൾ ശുപാർശ ചെയ്തിട്ടുള്ളത്. ഈ നിർദ്ദേശം കേന്ദ്ര

സർക്കാർ അംഗീകരിച്ച് നടപ്പിലാക്കുന്നതോടെ ഒരംഗമുള്ള കാർഡിനും ഒന്നിൽ കൂടുതൽ അംഗങ്ങളുള്ള കാർഡിനും ഒരേ അളവിൽ ഭക്ഷ്യധാന്യങ്ങൾ നൽകുന്ന സംവിധാനത്തിനു പകരം ഓരോ കാർഡിലെയും അംഗങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് ലഭിക്കുന്ന സംവിധാനം നിലവിൽ വരും. ഭക്ഷ്യസുരക്ഷാ ബില്ല് നടപ്പിലാകുന്നതോടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെയുള്ള അശാസ്ത്രീയത ഉണ്ടെങ്കിൽത്തന്നെ അത് മാറുന്നതാണ്.

## (17) കേരള അക്വാ വെഞ്ചർ ഇന്ത്യയുടെ പ്രവർത്തനം വ്യാപകമാക്കൽ

ശ്രീ. ലൂഡി ലൂയിസ്: സർ, അന്താരാഷ്ട്രരംഗത്ത് അലങ്കാര മത്സ്യക്കൃഷിക്ക് വളരെയേറെ പ്രാധാന്യം കൈവന്നിരിക്കുന്ന കാലഘട്ടമാണിത്. ഈ കാലഘട്ടത്തിൽ അലങ്കാര മത്സ്യക്കൃഷി സംസ്ഥാനത്ത് പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി അക്വാ വെഞ്ചർ ഇൻഡ്യയുടെ പ്രവർത്തനം വളരെ സജീവമാക്കണം എന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. മുൻകാലങ്ങളിൽ അലങ്കാര മത്സ്യക്കൃഷി ഒരു വിനോദം മാത്രമായിരുന്നുവെങ്കിൽ ഇന്ന് അത് ഒട്ടനവധി ആളുകൾക്ക് തൊഴിൽ ലഭിക്കുന്നതിനും അതോടൊപ്പംതന്നെ വിദേശനാണ്യം നേടിത്തരുന്നതിനും ഉപയോഗപ്പെടുന്നുണ്ട്. ഇന്ന് അമേരിക്ക ഉൾപ്പെടെ യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് ഒട്ടനവധി അലങ്കാര മത്സ്യങ്ങൾ കയറ്റി അയയ്ക്കപ്പെടുന്നുണ്ട്. പക്ഷേ, ഇത് ഭൂരിഭാഗവും പോകുന്നത് ഇൻഡോനേഷ്യ, ഇസ്രയേൽ, ശ്രീലങ്ക, ചെക്ക് റിപബ്ലിക്, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നാണ്. നമ്മുടെ തൊട്ടയൽ

രാജ്യമായ ശ്രീലങ്കയിൽ നിന്നുപോലും 2 ശതമാനം അലങ്കാര മത്സ്യങ്ങളെ കയറ്റി അയയ്ക്കുമ്പോൾ വളരെ അനുകൂല സാഹചര്യങ്ങളുള്ള നമ്മുടെ രാജ്യത്തുനിന്നും കയറ്റി അയയ്ക്കപ്പെടുന്നത് ഒരു ശതമാനത്തിൽ താഴെയാണ്. ഇതിനൊരു മാറ്റം വരുത്തണം. ഇതിന് എല്ലാവിധമായ അനുകൂല ഘടകങ്ങളും നമ്മുടെ രാജ്യത്തുണ്ട്. അതുകൊണ്ട് ഇതിനെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കിയും കാർഷികനിരക്കിൽ അലങ്കാര മത്സ്യക്കൃഷിക്ക് വൈദ്യുതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചും ശാസ്ത്രീയ പരിശീലനം ഈ മേഖലയിലുള്ളവർക്ക് നൽകിയും പ്രദർശന പരിപാടികൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചും ഈ വിഷയത്തിൽ പുതിയ കോഴ്സുകൾ ആരംഭിച്ചും അലങ്കാര മത്സ്യങ്ങളുടെ വിപണനവും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള ശക്തമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയോട് എനിക്ക് വിനീതമായി അപേക്ഷിക്കുവാനുള്ളത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ലൂഡി ലൂയിസ് അലങ്കാര മത്സ്യക്കൃഷിയെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ ശരിയാണ്. ആഗോള മാർക്കറ്റിലുള്ള ഷെയറിനേക്കാൾ ഇൻഡ്യയുടെ ഷെയർ ഒരു ശതമാനത്തിൽ കുറവാണ്. അലങ്കാര മത്സ്യവിപണനത്തിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തണമെന്ന ലക്ഷ്യത്തോടെയാണ് പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടി 'കാവിൽ' (കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ്) എന്നു പറയുന്ന ഒരു ഓർഗനൈസേഷൻ രൂപീകരിച്ചത്. ഈ സ്ഥാപനത്തിലെ 51

ശതമാനം ഓഹരികൾ സ്വകാര്യ നിക്ഷേപകരുടേതും 35.50 ശതമാനം മത്സ്യ ഫെഡിന്റേതും 6.8 ശതമാനം തീരദേശ വികസന കോർപ്പറേഷന്റേതുമാണ്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 'കാവിൽ' പൂർണ്ണമായും നിർജ്ജീവാവസ്ഥയിലായിരുന്നു. ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും മാനേജ്മെന്റിലെ പിടിപ്പുകേടും അനാസ്ഥയും ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ സാമ്പത്തിക കാര്യങ്ങൾ പരിശോധിക്കാൻ ഫിഷറീസ് ഡയറക്ടറേറ്റിലെ ധനകാര്യ വിഭാഗത്തെ ചുമതലപ്പെടുത്തി. അവരുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അതുമായ ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതാണ്. ഈ കമ്പനിയെ പുനരുജ്ജീവിപ്പിക്കുന്നതിനും ഉദ്ദേശലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുമാവശ്യമായ ശുപാർശകൾ നൽകുന്നതിനുംവേണ്ടി ഒരു സബ്കമ്മിറ്റിയെ നിയോഗിക്കുകയും ആ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഈ കാവിലിനെ ഗവൺമെന്റ് കമ്പനിയാക്കി മാറ്റാൻ തീരുമാനിച്ചു. അങ്ങനെ ഗവൺമെന്റ് കമ്പനിയാക്കി മാറ്റുന്നതിന്റെ ഫലമായി വിവിധ സെൻട്രൽ ഗവൺമെന്റ് ഏജൻസികളിൽനിന്നും എൻ.എഫ്.ഡി.ബി., ആർ.കെ.വി.വൈ. തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും പണം കിട്ടുവാനുള്ള സാധ്യതകൾ വളരെ കൂടുതലാണ്. ഞാൻ കൂടുതൽ പറയുന്നില്ല. 25 കോടി രൂപയുടെ പുനരുദ്ധാരണ പാക്കേജ് ഇപ്പോൾ സമർപ്പിച്ചിട്ടുണ്ട്. അതിനുള്ള നടപടികൾ വളരെ വേഗത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഏതായാലും ഇതൊരു സർക്കാർ കമ്പനിയാക്കി മാറ്റാൻ ഗവൺമെന്റ് തീരുമാനം എടുത്തു കഴിഞ്ഞു. കാവിലിന്റെ പ്രവർത്തനങ്ങൾ പൂർണ്ണരൂപത്തിൽ ആകുമ്പോൾ പ്രതിമാസം 5,000 മുതൽ 7,000 രൂപവരെ വേതനത്തിൽ ഏകദേശം മൂവായിരത്തിനും

നാലായിരത്തിനും ഇടയ്ക്ക് ആളുകൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ സാധിക്കും. കൂടാതെ മെയ്യാർ, പരപ്പനങ്ങാടി ഫാമുകളിൽ 50 പേർക്ക് നേരിട്ട് തൊഴിൽ നൽകാനും സാധിക്കും. കയറ്റുമതിയിലൂടെ വർദ്ധിച്ച വിദേശ നാണ്യം ലഭിക്കാനുമുള്ള സാധ്യതകൾ ഏറെയാണ്. ശ്രീ. ലൂഡി ലൂയിസ് ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ അതൊരു ഗൗരവമുള്ള കാര്യമാണ്. അതോടൊപ്പം ഇലക്ട്രിസിറ്റി താരിഫിനെക്കുറിച്ച് അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഇലക്ട്രിസിറ്റി താരിഫ് മറ്റ് കൃഷിക്കാർക്ക് നൽകുന്നതുപോലുള്ള താരിഫിൽ ഇവർക്കും നൽകാനുള്ള ധാരണ ഉണ്ടായിട്ടുണ്ട്.

## (18) അഴീക്കൽകടവ് പാലത്തിന്റെയും പെരിഞ്ചേരിക്കടവ് പാലത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീമതി കെ. കെ. ലതിക: സർ, 14-08-2009-ലെ 1185/4/PWD നമ്പർ സർക്കാർ ഉത്തരവുപ്രകാരം അനുമതി ലഭിച്ചിട്ടുള്ള അഴീക്കൽകടവ് പാലം 1047/2010 ഉത്തരവ് നമ്പർ പ്രകാരം അനുമതി ലഭിച്ചിട്ടുള്ള പെരിഞ്ചേരിക്കടവ് പാലം എന്നിവയുടെ നിർമ്മാണപ്രവൃത്തികൾ ഉത്തരവ് ഇറങ്ങി നാലുവർഷ മായിട്ടും ആരംഭിച്ചിട്ടില്ല. പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ഉടനെ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, അഴീക്കൽകടവ് പാലത്തിന്റെ സ്ഥലമെടുപ്പിനും ഇൻവെസ്റ്റിഗേഷനുമായിട്ടുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി 14-08-2009-ൽ 100 ലക്ഷം രൂപയുടെ ഭരണാനു മതി നൽകിയിട്ടുണ്ട്. പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീക രിച്ചു. അലൈൻമെന്റിനും അംഗീകാരം നൽകി പാലത്തിന്റെ രൂപരേഖ തയ്യാ

റാക്കിവരുന്നു. സ്ഥലമെടുപ്പിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. പെരിഞ്ചേരിക്കടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 14–08–2009–ൽ 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ ഈ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി അലൈൻമെന്റ് അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മേൽപ്പറഞ്ഞ രണ്ടുപാലങ്ങളുടെയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## (19) വാട്ടർ അതോറിറ്റിയിലെ ഓപ്പറേറ്റർമാർക്ക് അർഹമായ പ്രൊമോഷൻ നൽകൽ

ശ്രീ. എം. വി. ശ്രേയാംസ്കുമാർ: സർ, ജലവിഭവ വകുപ്പിലെ ജീവനക്കാരും വാട്ടർ അതോറിറ്റിയിലെ ക്വാളിഫൈഡ് ഓപ്പറേറ്റേഴ്സ് ജീവനക്കാരും നേരിടുന്ന പ്രശ്നമാണ് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. വാട്ടർ അതോറിറ്റിയിൽ 25 ശതമാനം ജീവനക്കാർ ഈ വിഭാഗത്തിലുള്ളവരാണ്. ഇവർക്ക് അർഹമായ സ്ഥാനക്കയറ്റം ലഭിക്കുന്നത് സംബന്ധിച്ച വിഷയം വർഷങ്ങളായി പരിഹാരം കാണാതെ കിടക്കുകയാണ്. ശമ്പള പരിഷ്ക്കരണ കമ്മീഷനും നിയമസഭാ സമിതിയും കോടതികളും ഇവർക്ക് അർഹമായതും ന്യായമായതുമായ സ്ഥാനക്കയറ്റവും ആനുകൂല്യങ്ങളും ശുപാർശ ചെയ്തിട്ടും വാട്ടർ അതോറിറ്റി നിഷേധാത്മകമായ സമീപനമാണ് സ്വീകരിക്കുന്നത്. പലതവണ എം.ഡി.യുമായി സംസാരിച്ചെങ്കിലും അതിന്റെ ഫലം കണ്ടില്ല. പമ്പ് ഓപ്പറേറ്റേഴ്സായി നിയമനം ലഭിച്ച് 20–26 വർഷംവരെ ഒരേ തസ്തികയിലാണ് അവർ ജോലി ചെയ്തുവരുന്നത്. ഇതുമൂലം ധാരാളം

ആരോഗ്യപ്രശ്നവും അവർക്ക് വരുന്നുണ്ട്. അതുപോലെ മാനുഷിക പരിഗണനയുടെ പേരിൽ വയസ്സ്, യോഗ്യത എന്നിവയിൽ ഇളവ് നൽകി സർക്കാർ വകുപ്പുകളിൽ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നുണ്ട്. ഇവരും ഇപ്പോൾ ഓപ്റേറ്റേഴ്സിന്റെ പ്രൊമോഷൻ ചാൻസിനുവേണ്ടി നിൽക്കുകയാണ്. യോഗ്യതയുള,ള അർഹതയുള്ള വളരെ ശാരീരിക ആരോഗ്യ പ്രശ്നങ്ങളുള്ള ജോലി ചെയ്യുന്ന വാട്ടർ അതോറിറ്റിയിലെ 25 ശതമാനം ജീവനക്കാർ നേരിടുന്ന കടുത്ത അനീതിയും അവഗണനയും പരിഹരിക്കപ്പെടണം. അതിനർഹമായ ആനുകൂല്യങ്ങളും സ്ഥാനകയറ്റങ്ങളും എക്സിക്യൂട്ടീവ് ഉത്തരവുകൾ വഴി നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എന്നോ വരാനിരിക്കുന്ന ഒരു സ്പെഷ്യൽ റൂളിന്റെ പേരിൽ ഇവരെ തടയുന്ന സമീപനം മാറ്റി അർഹമായ, ന്യായമായ അവരുടെ അവകാശങ്ങൾ പരിഹരിക്കപ്പെടണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കേരള പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് സബ്ഓർഡിനേറ്റ് സർവ്വീസ് റൂളനുസരിച്ച് സമാന തസ്തികകളായ ട്രില്ലർ, ഹെഡ് ഓപ്പറേറ്റർ തസ്തികകളിൽ നിന്നും 1:1 എന്ന അനുപാതത്തിലാണ് മാസ്റ്റർ ട്രില്ലർ മെക്കാനിക്കൽ സൂപ്രണ്ട് തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നൽകേണ്ടത്. നിലവിൽ മാസ്റ്റർ ട്രില്ലർ തസ്തികയിൽ ആരും ഇല്ലാത്തതിനാൽ ആകെയുള്ള ആറ് തസ്തികകളിലും ഹെഡ് ഓപ്പറേറ്റർമാർക്ക് മെക്കാനിക്കൽ സൂപ്രണ്ടായി പ്രൊമോഷൻ നൽകിയിട്ടുണ്ട്. ഓപ്പറേറ്ററായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സർവ്വീസ്സിൽ കയറുന്ന ഒരാൾക്ക് 8 വർഷം പൂർത്തിയാകുമ്പോൾ ഹെഡ് ഓപ്പറേറ്ററായി പ്രൊമോഷൻ ലഭിച്ചിട്ടില്ലയെങ്കിലും ഹെഡ് ഓപ്പറേറ്റേഴ്സ് തസ്തിക നിശ്ചയിച്ചിട്ടുള്ള ശമ്പള സ്കെയിലിലാണ് ശമ്പളനിർണ്ണയം നടത്തുന്നത്. ഓപ്പറേറ്റർ,

ഹെഡ് ഓപ്പറേറ്റർ പ്രൊമോഷൻ 5:1 ആകയാൽ 16.6 ശതമാനം ഓപ്പറേറ്റർമാർക്ക് പ്രൊമോഷൻ തസ്തിക, മെക്കാനിക്കൽ സൂപ്രണ്ട്, ശമ്പള സ്കെയിൽ സ്പെഷ്യൽ റൂൾസ് അനുശാസിക്കുന്ന യോഗ്യതയുടെ അടിസ്ഥാനത്തിൽ രണ്ടാമത്തെ സമയബന്ധിത ഹയർ ഗ്രേഡ് നൽകിവരുന്നുണ്ട്. തുടർന്ന് 23 വർഷംപൂർത്തിയാകുന്ന മുറയ്ക്ക് മെക്കാനിക്കൽ സൂപ്രണ്ട് ഹയർ ഗ്രേഡ് സ്കെയിലിൽ സ്പെഷ്യൽ റൂൾസിൽ അനുശാസിക്കുന്ന യോഗ്യതയുടെ അടിസ്ഥാനത്തിൽ നൽകിവരുന്നു. (ശ്രീ. ബി. ഡി. ദേവസ്സി)

## (20) <u>പീലാർമൂഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കോടശ്ശേരി ഗ്രാമപഞ്ചായത്തിൽ പീലാർമൂഴിയിൽ നല്ല ജലസ്രോതസ്സുള്ള ഒന്നര ഏക്കർ സ്ഥലം സൗജന്യമായി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി പത്ത് വർഷങ്ങൾക്കുമുമ്പ് കൈമാറിയിട്ടുള്ളതാണ്. ജലസേചനത്തിനും കുടിവെള്ളത്തിനും പഞ്ചായത്തിലെ കിഴക്കൻമേഖലയിലെ ജനങ്ങൾക്ക് ഏറെ സഹായകരമാവുന്ന ഈ പദ്ധതി ഇനിയും യാഥാർത്ഥ്യമാക്കാത്തതിൽ ഈ പ്രദേശത്തെ ജനങ്ങൾക്ക് കടുത്ത നിരാശയുണ്ട്. നബാർഡിന്റെ സഹായത്തോടുകൂടി പീലാർമൂഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിന് മുൻസർക്കാർ രണ്ടുകോടി രൂപയുടെ ഭരണാനുമതി നൽകിയതാണ്. എന്നാൽ യഥാസമയം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും ടെണ്ടർ ചെയ്തതിലുമുണ്ടായ അനാവശ്യമായ കാലതാമസം ഈ പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതിന് പ്രധാന തടസ്സമായിട്ടുണ്ട്. പുതുക്കിയ നിരക്കിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുപ്രകാരം തുക ഇപ്പോൾ മൂന്ന് കോടി രൂപയിൽ അധികമായിരിക്കുകയാണ്. അതുകൊണ്ട് കോടിശ്ശേരി

ഗ്രാമപഞ്ചായത്തിലെ വളരെയധികം ജനങ്ങൾക്ക് ഏറെ പ്രയോജനപ്രദമായപീലാർമൂഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി തടസ്സങ്ങൾ നീക്കി നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പീലാർമൂഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നബാർഡ് XVI-ൽ ഉൾപ്പെടുത്തി പ്രവൃത്തി ഏറ്റെടുക്കുന്നതിനായി 3/2011-ൽ രണ്ടുകോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ സാങ്കേതികാനുമതി ലഭിക്കാനായി എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഇലക്ട്രിക്കൽ മെക്കാനിക്കൽ വകുപ്പുകളുടെ തുകയിൽ വർദ്ധനവ് വന്നിരുന്നു. ഇതിനിടയിൽ 9/2011-ൽ പുതിയ നിരക്കുകൾ നിലവിൽ വന്നു. 270 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ഭരണാനുമതി ലഭിച്ചില്ല. വീണ്ടും 2012-ൽ പുതുക്കിയ നിരക്കുകൾ വന്നതനുസരിച്ച് 4.28 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരികയാണ്. നബാർഡിൽനിന്നും പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുക്കുന്നതാണ്.

## (21) ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, കുടുംബശ്രീയുടെ കീഴിലുള്ള 'ആശ്രയ' പദ്ധതി ദാരിദ്ര്യനിർമ്മാർജ്ജന രംഗത്ത് മാതൃകാപരമായ ഒരു പദ്ധതിയാണ്. പക്ഷേ നിലവിലുള്ള നോംസിലെ പ്രായോഗിക പ്രശ്നങ്ങൾ കാരണം പഞ്ചായത്തുകൾക്ക്, കുടുംബശ്രീകൾക്ക് ഈ ഫണ്ട് ചെലവഴി

ക്കാൻ കഴിയാത്ത ഒരു സാഹചര്യം നിലവിലുണ്ട്. എന്റെ മണ്ഡലത്തിലെ എടക്കാട് പഞ്ചായത്തിൽ നാലര ലക്ഷം ഉറുപ്പിക കെട്ടിക്കിടക്കുകയാണ്. മരുന്ന്, വസ്ത്രം, ഭക്ഷണം എന്നിവയാണ് ഈ പദ്ധതിവഴി കൊടുക്കാൻ കഴിയുന്നത്. വീടുകൾ റിപ്പയർ ചെയ്യുന്നതിനോ, കക്കൂസ് നിർമ്മിക്കുന്ന തിനോ തുക നല്കുന്നതിന് നിലവിലുള്ള നോംസ് തടസ്സമായി നില്ക്കുകയാ ണ്. ഇപ്പോൾ ഒരുപാട് കാര്യങ്ങൾ ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി ചെയ്തിട്ടുണ്ട്. എം.എൽ.എ.-മാർ ചെയർമാൻമാ രായി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഞങ്ങൾ യോഗം ചേർന്നപ്പോ ഴാണ് പല പഞ്ചായത്തുകളിലും ഫണ്ട് കെട്ടിക്കിടക്കുന്ന കാര്യം മനസ്സിലാ ക്കാൻ സാധിച്ചത്. ഈ പദ്ധതിയിൽ അംഗങ്ങളായ പലരും എ.പി.എൽ.- കാരാണ്. അടുത്ത കാലത്ത് അവരെ ബി.പി.എൽ.-ലേയ്ക്ക് മാറ്റി. നമ്മുടെ നാട്ടിലെ ദരിദ്രരിൽ ദരിദ്രരായിട്ടുള്ള പാവങ്ങളെ സഹായിക്കാനുള്ള ഈ പദ്ധതി കുറേക്കൂടി ശക്തവും ഫലപ്രദവുമാക്കാൻ കഴിയുന്ന വിധത്തിൽ ഇതിന്റെ നോംസിൽ ചില പരിഷ്ക്കാരങ്ങൾ വരുത്തേണ്ടതുണ്ട് എന്നാണ് കുടുംബശ്രീ പ്രവർത്തകരിൽനിന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. അത് നടത്താൻ അങ്ങ് തയ്യാറാകണം. വളരെ മാതൃകാപരമായി പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തിൽ അടിയന്തരമായി ഇടപെടണമെ ന്നാണ് ഈ സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ.മുനീർ): സർ, അഗതികളെ കണ്ടെത്തുന്നതിനും പുനരധിവ സിപ്പിക്കുന്നതിനുമുള്ള പദ്ധതിയാണ് 'ആശ്രയ'. ഈ പദ്ധതിയിൽ കുടും ബശ്രീ മുഖേന അനുവദിക്കുന്ന ചലഞ്ച് ഫണ്ട് പ്രധാനമായും ഭക്ഷണം,

ചികിത്സ, വിദ്യാഭ്യാസ സൗകര്യം, മാനസിക വെല്ലുവിളികൾ നേരിടുന്ന വർക്കുവേണ്ടിയുള്ള സഹായം, പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടി വസ്ത്രം, കൗൺസിലിംഗ് തുടങ്ങിയ ഘടകങ്ങൾക്കായാണ് വിനിയോഗിക്കുന്നത്. സത്യത്തിൽ, പഞ്ചായത്തുകളുംകൂടി ചേർന്നാണ് 'ആശ്രയ' പദ്ധതി നടപ്പിലാക്കുന്നത്. 40% ചലഞ്ച് ഫണ്ട് ലഭിക്കും. 60% പദ്ധതിയിലൂടെ പഞ്ചായത്തും കണ്ടെത്തണം. പദ്ധതി നടപ്പാക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾക്കും സി. ഡി.എസ്.-നും വേണ്ട താത്പര്യമെടുക്കുന്നതിനും ഫണ്ട് കെട്ടിക്കിടക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കും. ചലഞ്ച് ഫണ്ട് ഒഴികെയുള്ളവ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ തീരുമാനപ്രകാരം അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനുള്ള നിർദ്ദേശം നല്കുന്നതാണ് എന്ന് ഇവിടെ അറിയിക്കുകയാണ്. കൂടാതെ 12-ാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണം പുതുക്കിയ മാർഗ്ഗനിർദ്ദേശപ്രകാരം ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ അഗതി കുടുംബങ്ങൾക്കുവേണ്ടി 'ആശ്രയ' എന്ന സ്പഷ്ടമായ പ്രോജക്ടുകളുണ്ടായിരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇനി 35 തദ്ദേശ ഭരണ സ്ഥാപനങ്ങളാണ് ഒന്നാംഘട്ട 'ആശ്രയ' പദ്ധതി ഏറ്റെടുക്കാനുള്ളത്. ഒന്നാംഘട്ടത്തിൽ ഉൾപ്പെടാതെപോയ അർഹരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി രണ്ടാംഘട്ട ആശ്രയ പദ്ധതി രൂപീകരിക്കുന്നതിനും സർക്കാർ ഉത്തരവിട്ടു. ഇതുപ്രകാരം 200-ൽ അധികം പഞ്ചായത്തുകളിൽ 'ആശ്രയ' രൂപീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആശ്രയ കുടുംബങ്ങളെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന 27-04-2012-ന് സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതിനുപുറമേ മറ്റൊരുകാര്യം

കൂടി, 35 പഞ്ചായത്തുകൾ 'ആശ്രയ' പദ്ധതിയിൽ താത്പര്യമെടുത്തില്ല എന്നുള്ളത് ഗൗരവമായി കാണുകയാണ്. അതുകൊണ്ട് അവാർഡുകൾ നിർണ്ണയിക്കുന്ന സമയത്ത് 'ആശ്രയ'യിൽ വേണ്ട പണം വകയിരുത്താത്ത, പദ്ധതി നിർവ്വഹണത്തിൽ ഉൾപ്പെടുത്താത്ത പഞ്ചായത്തുകളുടെ മാർക്ക് കുറയ്ക്കും എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം അത്രയും ഗൗരവമായ ഒരു കാര്യത്തെ ലാഘവത്തിൽ കാണുന്ന പഞ്ചായത്തുകളെ അവാർഡ് നിർണ്ണയത്തിൽ മാർക്ക് കുറച്ച് പഞ്ചായത്തുകൾക്ക് ഇൻസെന്റീവ് ലഭിക്കുന്ന സാഹചര്യം ഇല്ലാതാക്കാനുള്ള ശ്രമംകൂടി നടത്തുന്നുണ്ട്. എങ്കിൽ മാത്രമേ താത്പര്യത്തോടുകൂടി ആളുകൾ മുന്നോട്ട് വരികയുള്ളൂ.

## (22) <u>ആയുഷ് വകുപ്പ് രൂപീകരിക്കൽ</u>

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ആയുർവ്വേദം അഭൂതപൂർവ്വമായ വളർച്ചയുടെ പാതയിലാണ്. ഹ്യൂമൻജിനോം പ്രോജക്ട്പോലും ചികിത്സ യുടെ ആയുർവ്വേദ സങ്കല്പത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഈ മേഖലയിൽ അനന്തമായ സാധ്യതയുള്ള പ്രദേശമാണ് കേരളം. കേന്ദ്രസർക്കാർ ആയുർവ്വേദ മേഖലയിൽ വലിയ സാധ്യതകൾ തുറന്നു തരുന്നുണ്ട്. 12-ാം പഞ്ചവത്സര പദ്ധതിയിൽ 10,000 കോടിരൂപയോളം ഇതിനായി നീക്കിവച്ചിട്ടുണ്ട്. നമുക്ക് ഇത് പരമാവധി പ്രയോജനപ്പെടുത്തണ മെന്നുണ്ടെങ്കിൽ ആയുഷ് വകുപ്പ് രൂപീകരിക്കണം. ഇതുവരെ അതിനുള്ള മൂർത്തമായിട്ടുള്ള ശ്രമം ആരംഭിച്ചതായി അറിയുന്നില്ല. അതുകൊണ്ട് ആയുർവ്വേദത്തിന്റെ സാധ്യതകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തുവാൻ

കേരളത്തിൽ ആയുഷ് വകുപ്പ് പൂർണ്ണ അർത്ഥത്തിൽ രൂപീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി.എസ്. ശിവകുമാർ): സർ, ഭാരതത്തിലെ പാരമ്പര്യ ചികിത്സാരംഗത്തെ പോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്രസർക്കാർ ആയുഷ് വകുപ്പ് രൂപീകരിച്ചിട്ടുള്ളത്. ആരോഗ്യ മേഖലയിൽ വികസനം ചെന്നെത്തിയിട്ടില്ലാത്ത സംസ്ഥാനങ്ങളെ വികസിപ്പിക്കുന്നതിനാവശ്യമായ പദ്ധതികളാണ് പ്രധാനമായും കേന്ദ്ര ആയുഷ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും ആയുഷ് വകുപ്പ് പ്രവർത്തിച്ചുതുടങ്ങിയതിനു ശേഷം ആയുഷ് വിഭാഗത്തിലെ ആയുർവ്വേദം, യോഗ, പ്രകൃതിചികിത്സ, യുനാനി, സിദ്ധ, ഹോമിയോ ചികിത്സ എന്നീ വിഭാഗങ്ങളിൽ എടുത്തുപറയത്തക്ക നേട്ടം ലഭ്യമായിക്കഴിഞ്ഞു. പ്രത്യേക ആയുഷ് വകുപ്പ് ഇല്ലെങ്കിൽപ്പോലും ആയുർവ്വേദം, യോഗ, പ്രകൃതിചികിത്സ, യുനാനി, സിദ്ധ, ഹോമിയോ എന്നീ മേഖലകളുടെ വികസനത്തിന് സമഗ്രമായ പദ്ധതികളാണ് കേരള സർക്കാർ നടപ്പിലാക്കി വരുന്നത്. ഇതിന് കേന്ദ്ര സർക്കാരിൽനിന്നും ഇപ്പോൾത്തന്നെ സംസ്ഥാനത്തിന് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. യുക്തിപൂർവ്വമായ പദ്ധതികളിലൂടെ ആയുർവ്വേദ ഡയറക്ടറേറ്റ്, ഹോമിയോ ഡയറക്ടറേറ്റ് എന്നിവ മുഖേന ഈ മേഖലയിലെ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ആയുർവ്വേദം, യോഗ, പ്രകൃതിചികിത്സ, യുനാനി, സിദ്ധ, ഹോമിയോ എന്നീ വിഭാഗങ്ങളുൾപ്പെടുത്തി ഹോളിസ്റ്റിക് ചികിത്സാകേന്ദ്രങ്ങൾ ആരംഭിക്കാനും സംസ്ഥാന സർക്കാരിന് പദ്ധതിയുണ്ട്. ആദ്യപടി എന്ന നിലയിൽ നെയ്യാറ്റിൻകര ആയുർവ്വേദ ആശുപത്രിയിലും തിരുവനന്തപുരത്തെ പൂന്തുറയിലും ഇത്തരം ആയുഷ് സെന്ററുകൾ ആരംഭിക്കുന്ന

താണ്. താമസിയാതെ മറ്റ് ജില്ലകളിലും ഇത്തരം സെന്ററുകൾ ആരംഭി ക്കാനും പദ്ധതിയുണ്ട്. കൂടാതെ തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലാ ഹോമിയോ ആശുപത്രികളിൽ 'ആയുഷ്മാൻ ഭവഃ' എന്ന പേരിൽ ആയുർവ്വേദം, ഹോമിയോ, പ്രകൃതിചികിത്സ, യോഗ എന്നീ ആയുഷ് ചികിത്സാ വിഭാഗങ്ങളുടെ സംയുക്തസേവനം, ജീവിതശൈലീ രോഗപ്രതി രോധത്തിനും ചികിത്സയ്ക്കും ഒരു കുടക്കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇതിലേയ്ക്കായി ഒരു പ്രത്യേക വകുപ്പ് ആരംഭിക്കേണ്ട ആവശ്യമുണ്ടെന്ന് ഇപ്പോൾ സർക്കാർ കരുതുന്നില്ല.

### (23) <u>കേരള ആരോഗ്യ സർവ്വകലാശാലയിലെ ഡെപ്യൂട്ടേഷൻ സ്റ്റാഫിനെ പിൻവലിച്ചത്</u>

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u>: സർ, 2009- ൽ പ്രവർത്തനമാരംഭിച്ച ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ 239 അഫിലിയേറ്റഡ് കോളേജുക ളുണ്ട്. 270 കോഴ്സുകളിലായി അഞ്ഞൂറോളം വാർഷിക പരീക്ഷകൾ നട ത്തേണ്ടതായിട്ടുണ്ട്. എന്നാൽ ഇപ്പോഴത്തെ സാംഗ്ഷണ്ട് പോസ്റ്റ് 67 മാത്ര മാണ്. മറ്റ് യൂണിവേഴ്സിറ്റികളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് തുലോം നിസ്സാരമാണ്. ദൈനംദിന പ്രവർത്തനങ്ങൾപോലും നടത്താൻ കഴിയാത്ത സ്ഥിതിയാണ്. ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് പ്രസിദ്ധീകരിക്കാത്തതുമൂലം നിലവിലുള്ള പോസ്റ്റുകളിൽവരെ നിയമനം നടത്താൻ കഴിഞ്ഞിട്ടില്ല. സെക്രട്ടേറിയ റ്റിൽനിന്നും മറ്റ് യൂണിവേഴ്സിറ്റികളിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വന്ന ഉദ്യോഗസ്ഥരാണ് ഇവിടെയുള്ളത്. എന്നാൽ അടുത്ത ദിവസങ്ങളിൽ ഡെപ്യൂട്ടേഷൻകാരെ തിരിച്ചുവിളിക്കാനുള്ള നീക്കങ്ങൾ തുടങ്ങിയിരിക്കുന്നു.

ഈ സാഹചര്യത്തിൽ യൂണിവേഴ്സിറ്റിയുടെതന്നെ പ്രവർത്തനം സ്തംഭിക്കുമെന്ന നിലയിലാണ്. പ്രാരംഭദിശയിലുള്ള യൂണിവേഴ്സിറ്റിയുടെ വിശ്വാസ്യത നഷ്ടപ്പെട്ടാൽ പിന്നീട് തിരിച്ചുപിടിക്കുക പ്രയാസമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് ഡെപ്യൂട്ടേഷൻകാരെ തിരിച്ചുവിളിക്കുന്നത് നിർത്തിവെയ്ക്കാനും അടിയന്തരമായി കൂടുതൽ സ്റ്റാഫിനെ അനുവദിക്കാനും ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് പ്രകാരം റിക്രൂട്ട്മെന്റ് നടത്താനുംവേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി.എസ്. ശിവകുമാർ): സർ, ആരോഗ്യ സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ട് പുറപ്പെടുവിക്കാത്തതിനാൽ സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുന്നത് മറ്റ് സർവ്വകലാശാലകളിൽനിന്നും മറ്റ് സർക്കാർ വകുപ്പുകളിൽനിന്നുമുള്ള 26–ഓളം വരുന്ന ഡെപ്യൂട്ടേഷൻ ഉദ്യോഗസ്ഥരുടേയും 30–ഓളംവരുന്ന കരാർ–ദിവസ വേതന ഉദ്യോഗസഥരുടേയും പരിശ്രമംകൊണ്ടാണ്. നിലവിൽ സർവ്വകലാശാലയുടെ കീഴിലുള്ള 239 സ്ഥാപനങ്ങളിലെ 7 ഫാക്കൽറ്റികളിലായി ഏകദേശം 48000 വിദ്യാർത്ഥികളാണ് സർവ്വകലാശാലയ്ക്കുകീഴിൽ പഠനം നടത്തിവരുന്നത്. കേരളത്തിലിപ്പോൾ നിലവിലുള്ളതിൽവച്ച് ഏറ്റവും വലിയ സർവ്വകലാശാലയാണ് ആരോഗ്യ സർവ്വകലാശാല. മറ്റ് സർവ്വകലാശാലകളിലുള്ളതിന്റെ പത്തിലൊന്ന് ജീവനക്കാർപോലും ഇവിടെയില്ല. ഇത്രയും ബൃഹത്തായ സർവ്വകലാശാലയിൽ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടേതുൾപ്പെടെ ഇതുവരെ 65 തസ്തികകളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. സർവ്വകലാശാലയിൽ

50 തസ്തികകൾകൂടി പുതിയതായി സൃഷ്ടിക്കാനുള്ള ശുപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ഇത്തരമൊരു സാഹചര്യത്തിൽ മറ്റ് സർവ്വ കലാശാലകളിൽനിന്നുള്ള ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ ഉദ്യോഗസ്ഥരെ പിൻവലിച്ച നടപടി സർവ്വകലാശാലയുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിരിക്കുകയാണ്. സർവ്വകലാശാലയുടെ പ്രവർത്തനാരംഭം മുതൽ നാലും അഞ്ചും സെക്ഷനുകൾ ഒരുമിച്ച് കൈകാര്യം ചെയ്തുകൊണ്ടിരുന്ന പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരെ തിരിച്ചുവിളിച്ചത് സർവ്വകലാശാല യുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിച്ചിരിക്കുന്നതിനാൽ മറ്റ് സർവ്വക ലാശാലകളുടെ ഈ നടപടി പിൻവലിക്കണമെന്നും പ്രസ്തുത ഉദ്യോഗസ്ഥ രുടെ ഡെപ്യൂട്ടേഷൻ കാലാവധി ഒരുവർഷംകൂടി ദീർഘിപ്പിക്കണമെന്നും ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷൻമാ രോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരള ആരോഗ്യ സർവ്വകലാശാലയുടെ പ്രഥമ നിയമം മന്ത്രിസഭ അംഗീകരിച്ചുകഴിഞ്ഞു. 50 പുതിയ തസ്തികകൾകൂടി സൃഷ്ടിക്കാൻ ധനകാര്യ വകുപ്പ് അനുമതി നല്കിക്കഴിഞ്ഞാൽ പ്രഥമ നിയമം അനുശാസിക്കുംവിധം സ്ഥിരം നിയമനങ്ങൾ നടത്താനുള്ള നടപടി ത്വരിതപ്പെടുത്തുകയും ഈ അവസ്ഥയ്ക്ക് ശാശ്വത പരിഹാരം കണ്ടെ ത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**(24) അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ ആയുർവ്വേദ ഡിസ്പെൻസറി**

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, എന്റെ നിയോജകമണ്ഡലമായ മലപ്പുറത്തെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ ഒരു ആയുർവ്വേദ ഡിസ്പെൻസറിക്ക് വേണ്ടി സബ്മിഷൻ ഉന്നയിക്കേണ്ടി വരുന്നതിൽ എനിക്ക് വലിയ ഖേദമുണ്ട്. കാരണം നിരന്തരമായി കഴിഞ്ഞ രണ്ടുവർഷവും ഈ

ആവശ്യം ഉന്നയിച്ചിരുന്നു. ആയുർവ്വേദരംഗത്ത് വളരെ പഴക്കമുള്ള ഒരു സ്ഥലമാണ് മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറമെന്ന് പറയുന്നത്. കേരളത്തിലെ ഏറ്റവും വലിയ ഗ്രാമപഞ്ചായത്തിൽ ഒന്ന് മാത്രമാണ് അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്. ശ്രീ തിരുമാന്ദാംകുന്ന് ക്ഷേത്രം, തളി ക്ഷേത്രം അതുപോലെ പൂന്താനം വന്നിരുന്ന ഏറോതോട്ടിലെ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം അടക്കം ഒരു വലിയ ആയുർവ്വേദപാരമ്പര്യമുള്ള ഒരു നാട്ടിൽ, സാധാരണ ഗതിയിൽ ഇങ്ങനെ ഒരു ആയുർവ്വേദ ഡിസ്പെൻസറി വരേണ്ട സമയം കഴിഞ്ഞു. അതുകൊണ്ട് ഇനി ഈ കാര്യത്തിൽ ഒരു വൈകൽ ഉണ്ടാകാതെ അവിടെ ആയുർവ്വേദഡിസ്പെൻസറി സ്ഥാപിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, മലപ്പുറം ജില്ലയിൽ മങ്കട നിയോജക മണ്ഡലത്തിൽപ്പെട്ട അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി ഇപ്പോൾ പ്രവർത്തിച്ചുതുടങ്ങിയിട്ടില്ല. എന്നാൽ ഈ നിയോജകമണ്ഡലത്തിൽപ്പെട്ട പഞ്ചായത്തുകളിൽ നാല് ആയുർവ്വേദ ഡിസ്പെൻസറികളും ഒരു എൻ.ആർ.എച്ച്.എം. ഡിസ്പെൻസറിയും പ്രവർത്തിക്കുന്നുണ്ട്. ഭൗതീക സാഹചര്യങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ഒരുക്കിയെങ്കിൽ മാത്രമേ ഇവിടെ ഡിസ്പെൻസറി ആരംഭിക്കാൻ കഴിയുകയുള്ളു. അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ അത്തരത്തിലുള്ള സൗകര്യം ഏർപ്പെടുത്തികൊണ്ടുള്ള വിവരം സർക്കാരിനെ അറിയിച്ചിട്ടില്ല. സാമ്പത്തിക ലഭ്യതയുടെ അടിസ്ഥാനത്തിൽ ഈ വർഷം ആരംഭിക്കുന്ന ആയുർവ്വേദ ഡിസ്പെൻസറികളുടെ കൂട്ടത്തിൽ ഈ കാര്യം പരിശോധിക്കുന്നതാണ്.

## (25) എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്ന് ആരോഗ്യ വകുപ്പിൽ നിയമനം ലഭിക്കൽ

ശ്രീ. പി. ഉബൈദുള്ള: സർ, ആരോഗ്യവകുപ്പിൽ മലപ്പുറം ജില്ലയിലെ ഒഴിവുകൾ ആശ്രിതനിയമനങ്ങൾക്കായി മാറ്റി വച്ചതുമൂലം ജില്ലയിലെ ഉദ്യോഗാർത്ഥികൾക്ക് അവസരം നിഷേധിക്കപ്പെടുകയാണ്. 2010 നവംബർ മുതലാണ് ജില്ലയിലെ ഒഴിവുകൾ ക്ലാർക്ക് തസ്തികകൾ ആശ്രിതനിയമനങ്ങൾക്കായി മാറ്റി വയ്ക്കാൻ മുൻ സർക്കാർ നിർദ്ദേശം നൽകിയത്. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സർവ്വീസിലിക്കെ മരണപ്പെടുന്ന ഉദ്യോഗസ്ഥരുടെ ആശ്രിതർക്ക് മുഴുവൻ നിയമനം നൽകുന്നത് മലപ്പുറം ജില്ലയിലാണ്. ഇതോടുകൂടി ജില്ലയിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഇടം നേടി ജോലി പ്രതിക്ഷിച്ചിരിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഈ വകുപ്പിൽ നിന്നും നിയമനം നേടാൻ കഴിയുന്നില്ല. ആരോഗ്യ വകുപ്പിൽ വരുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുപകരം സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടർക്കാണ് ഇപ്പോൾ ചെയ്യുന്നത്. ജില്ലയിൽ ഇതിനകം 26 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 20 പേരെ നിയമിക്കുകയും ചെയ്തു. ബാക്കിവരുന്ന ആറ് തസ്തികകളിൽകൂടി നിയമനം നടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയാണ്. മലപ്പുറം ജില്ലയിലെ ഉദ്യോഗാർത്ഥികൾക്ക് ലഭിക്കേണ്ട അവസരമാണ് കഴിഞ്ഞ സർക്കാരിന്റെ നിർദ്ദേശത്തിന്റെ ഫലമായി ഇപ്പോഴും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. ജില്ലയിൽ ആരോഗ്യ വകുപ്പിലെ നിയമനങ്ങൾ മുഴുവൻ ആശ്രിതർക്കായി നീക്കിവച്ചതുകൊണ്ട് ആരോഗ്യവകുപ്പിന്റെ പ്രവർത്തന

ത്തേയും ഇത് പ്രതികൂലമായി ബാധിക്കുന്നുണ്ട്. യാതൊരു തരത്തിലുള്ള മുൻപരിചയവുമില്ലാത്തവരാണ് നിയമിക്കപ്പെടുന്നത്. ഇവർക്ക് പരിശീലനം നൽകി, ഇവരെ ജോലിക്ക് പ്രാപ്തരാക്കികൊണ്ടുവരുമ്പോഴേക്കും അവർ അവരുടെ ജില്ലയിലേയ്ക്ക് സ്ഥലമാറ്റം ലഭിച്ചുപോകുന്നത് ആരോഗ്യ വകുപ്പിന്റെ പ്രവർത്തനത്തെതന്നെ ബാധിക്കുകയാണ്. 2012 മാർച്ച് 30-ന് 143/12/ഡി.ഒ.എം. നമ്പറായും 2151 പേർ പ്രധാന ലിസ്റ്റിൽ ഉൾപ്പെടുന്ന വിവിധ സർക്കാർ വകുപ്പുകൾക്കായുള്ള പി.എസ്.സി.യുടെ എൽ.ഡി. ക്ലാർക്ക് ലിസ്റ്റ് നിലവിൽ വന്നു. എന്നാൽ ഗ്രാമപഞ്ചായത്തുകൾ പുതുതായി സൃഷ്ടിച്ച 100 തസ്തികകളടക്കം 215 നിയമനങ്ങൾ മാത്രമേ നടന്നിട്ടുള്ളു. ഒഴിവുകൾ യഥാമസയം റിപ്പോർട്ട് ചെയ്തതിൽ വകുപ്പുതല ഉദ്യോഗസ്ഥർ വീഴ്ച്ചവരുത്തുന്നതാണ് ഇതിൽ പ്രധാനമായ കാര്യം. മലപ്പുറം ജില്ലയിൽ 2010 നവംബർ മുതൽ എൽ.ഡി. ക്ലാർക്ക് നിയമനങ്ങൾ നടന്നിട്ടില്ല. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഇ.ഡി.1/06/2010/ഡി.എച്ച്.എസ്. ഡേറ്റഡ് 23-11-2010-ലെ കത്ത് പ്രകാരം ജില്ലയിൽ ആരോഗ്യ വകുപ്പിൽ നിലവിലുള ളതും ഉണ്ടാകാൻ സാധ്യതയുള്ളതുമായ എല്ലാ ഒഴിവുകളും ആശ്രിതനിയമന ത്തിനായി മാറ്റിവച്ചിരിക്കുകയാണെന്ന് പറയുന്നുണ്ട്. എന്തിന്റെ അടിസ്ഥാന ത്തിലാണ് ഇതെന്ന് മനസ്സിലാകുന്നില്ല? എന്നാൽ മറ്റു പല ജില്ലകളിലും ആരോഗ്യ വകുപ്പിലെ എൽ.ഡി. ക്ലാർക്ക് നിയമനങ്ങൾ പി.എസ്.സി.യുടെ നിലവിലുള്ള ലിസ്റ്റിൽനിന്നും നടക്കുന്നതായി അറിയുന്നു. നിശ്ചിത ശതമാനം മാത്രം ആശ്രിതനിയമനത്തിനായി മാറ്റിവച്ചും ശേഷിച്ചവ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്ന പതിവാണ് നേരത്തെയുണ്ടായിരുന്നത്. ഈ

പതിവ് രീതിവിട്ട് മലപ്പുറം ജില്ലയിൽ ആരോഗ്യവകുപ്പിലുണ്ടാകുന്ന മുഴുവൻ എൽ.ഡി. ക്ലാർക്ക് നിയമനങ്ങളും ആശ്രിതനിയമനത്തിനുവേണ്ടി മാറ്റിവയ്ക്കുന്നത് ജില്ലയിലെ ഉദ്യോഗാർത്ഥികളോട് കാണിക്കുന്ന അനീതിയാണ്. ആരോഗ്യ വകുപ്പിന്റെ ഈ നടപടിമൂലം അപ്ഗ്രേഡ് ചെയ്യപ്പെടുന്ന ആശുപത്രികളിലും മഞ്ചേരി മെഡിക്കൽ കോളേജിലുമെല്ലാം വരാൻ പോകുന്ന എൽ.ഡി. ക്ലാർക്ക് നിയമനങ്ങളിലും ജില്ലയിലെ ഉദ്യോഗാർത്ഥികൾക്ക് അവസരം നിഷേധിക്കപ്പെടുന്ന സാഹചര്യമാണ് ഉണ്ടാകുന്നത്. ആയതുകൊണ്ട് ഈ പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ട് ആരോഗ്യ വകുപ്പിന്റെ ഡയറക്ടറുടെ നിലവിലുള്ള നിർദ്ദേശം പിൻവലിച്ച് അതാത് ജില്ലകളിൽതന്നെ ഒഴിവുവരുന്ന തസ്തികകളിൽ ആശ്രിതനിയമനം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സർ, ആരോഗ്യ വകുപ്പിൽ സംസ്ഥാനത്തെ മുഴുവൻ ആശ്രിത നിയമനങ്ങളും മലപ്പുറം ജില്ലയിൽതന്നെ നൽകണമെന്ന് ഒരു ഉത്തരവും സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. 24-05-1999-ലെ ജി.ഒ. (പി) & എ.ആർ.ഡി. ഉത്തരവിലെ ഖണ്ഡിക 30 പ്രകാരം എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ്, പ്യൂൺ എന്നീ തസ്തികകളിലെ ആശ്രിത നിയമനം അതാത് വകുപ്പിൽ നിലവിലുള്ളതും ഉടൻ ഉണ്ടാകുന്നതുമായ മുഴുവനും നൽകേണ്ടതാണ്. ആശ്രിത നിയമനം സംബന്ധിച്ച് ഹൈക്കോടതിയിൽ നിതിൻഷാജ് ഫയൽ ചെയ്ത WP(C) 24453/2010 നമ്പർ കേസിൽ 13-08-2010-ലെ ഇട

ക്കാല ഉത്തരവിൽ ആരോഗ്യ വകുപ്പിലെ 5 ശതമാനം ഒഴിവുകൾ മാത്രമാണ് ആശ്രിത നിയമനത്തിന് മാറ്റി വച്ചിട്ടുള്ളതെന്ന് കണ്ടതിനാൽ ഇക്കാര്യത്തിൽ വരുന്ന കാലതാമസം ആശ്രിത നിയമന വ്യവസ്ഥയുടെ അന്തസത്തക്ക് എതിരാണെന്നും അതിനാൽ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിർദ്ദേശിച്ചതിനെത്തുടർന്നാണ് 24-05-1999–ലെ പി & എ.ആർ.ഡി. ഉത്തരവിലെ ഖണ്ഡിക 30–ൽ പ്രതിപാദിച്ചിട്ടുളള നിർദ്ദേശം ആരോഗ്യ വകുപ്പിൽ പാലിക്കപ്പെട്ടിട്ടില്ലായെന്ന് കണ്ടതിനെത്തുടർന്ന് 29-10-2010–ലെ 42499/സി.1./2010 സർക്കാർ കത്ത് പ്രകാരം ആരോഗ്യ വകുപ്പിൽ നിലവിലുള്ള ഒഴിവുകളിൽ ആശ്രിത നിയമന വ്യവസ്ഥയിൽ നിയമനം ലഭിക്കാൻ കാത്തുകിടക്കുന്ന സർക്കാർ അനുമതി ലഭിച്ചിട്ടുള്ള മുഴുവൻ ഉദ്യോഗാർത്ഥികളേയും നിയമിക്കുവാനും ഒഴിവുകളില്ലെങ്കിൽ ആരോഗ്യവകുപ്പിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനങ്ങൾ നൽകുവാനും ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. ഹൈക്കോടതി വിധി നടപ്പിലാക്കാൻ വേണ്ടിയാണ് താൽക്കാലികമായി ഇപ്രകാരമുള്ള നിർദ്ദേശം നൽകിയിട്ടുള്ളത്. 29-10-2010 –ലെ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 103 പേർക്ക് ആശ്രിതനിയമനം നൽകുകയുണ്ടായി. മലപ്പുറം ജില്ലയിൽ ആരോഗ്യ വകുപ്പിൽ 17 പേർക്ക് മാത്രമാണ് ആശ്രിത നിയമനം നൽകിയിട്ടുള്ളത്. നിലവിൽ ആരോഗ്യ വകുപ്പിൽ 109 പേർ ആശ്രിത നിയമനവ്യവസ്ഥയിൽ വിവിധ ജില്ലകളിലായി നിയമനം ലഭിക്കാൻ കാത്തിരിക്കുകയാണ്. ആശ്രിത നിയമനം നൽകുന്നതു

മൂലം പി.എസ്.സി. റാങ്ക്‌ലിസ്റ്റിൽ ഉള്ളവർക്ക് അവസരം നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(മേശപ്പുറത്തുവച്ച കടലാസ്സുകൾ)